# ലാൻഡ്‌വേ ന്യൂസ്

Bringing You Closer to God
LANDWAY

www.landwaynews.com • Email: landwaynews@gmail.com

SCAN TO READ ONLINE

10 ജൂൺ 2017

Volume No.3 • Issue No. 6 • Pages 8 • Price: INR 10/- • Published From Pathanamthitta


## ടൊയോട്ട സണ്ണി അന്തരിച്ചു



കുവൈറ്റ്: കുവൈറ്റിലെ മലയാളികളിലെ മുതിർന്ന പൗരനും പ്രമുഖ വ്യവസായിയുമായ എം. മാത്യൂസ് (ടൊയോട്ട സണ്ണി) അന്തരിച്ചു. 81 വയസ്സ് പ്രായമായിരുന്നു. ദീർഘകാലമായി അസുഖബാധിതനായ അദ്ദേഹം കുവൈത്ത് ഖാദിസിയയിലെ വീട്ടിൽ വെച്ചാണ് അന്തരിച്ചത്.

കുവൈറ്റിലെ സ്വാതന്ത്ര്യ ലബ്ദിക്ക് ഒരു പതിറ്റാണ്ടു മുമ്പ് 1956 ഒക്ടോബറിലാണ് അദ്ദേഹം കുവൈറ്റിൽ എത്തിയത്. രാജ്യത്തെ പ്രമുഖ ഓട്ടോ മൊബൈൽ കമ്പനിയായ അൽ സായർ ഗ്രൂപ്പിന്റെ ഇന്നത്തെ വളർച്ചയ്ക്ക് അടിത്തറ പാകിയ അദ്ദേഹം 1989 ൽ സ്ഥാപനത്തിന്റെ ഉന്നത പദവിയിൽ ഇരിക്കവേ സ്വയം വിരമിച്ച ശേഷവും ടൊയോട്ട സണ്ണി എന്ന പേരിലാണ് മലയാളി സമൂഹത്തിനിടയിൽ അറിയപ്പെട്ടത്. പിന്നീട് സഫീനറന്റ് എ കാർ, സഫീന ജനറൽ ട്രേഡിംഗ് ആന്റ് കോൺട്രാക്ടിംഗ് കമ്പനി മുതലായ സ്ഥാപനങ്ങളുടെ ചെയർമാൻ സ്ഥാനം വഹിച്ചു വരികയായിരുന്നു.

1990ൽ ഇറാഖ് അധിനിവേശത്തെ തുടർന്ന് ഇന്ത്യക്കാരെ നാട്ടിലെത്തിക്കുന്നതിൽ സ്തുത്യർഹ്യമായ സേവനമാണ് അദ്ദേഹം കാഴ്ച വച്ചത്. ജാബിരിയ ഇന്ത്യൻ സ്കൂളിന്റെ സ്ഥാപകനായ അദ്ദേഹം 15 വർഷക്കാലം ഇന്ത്യൻ ആർട്ട് സർക്കിളിന്റെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പത്തനംതിട്ട കോയിപ്പുറം കുമ്പനാട് സ്വദേശിയാണ്. ഭാര്യ മേരി മാത്യു. മക്കൾ: ജോയ് മാത്യു, ആനി മാത്യു, സൂസൻ മാത്യു.

## ഐ.പി.സി സ്റ്റേറ്റ് കൺവൻഷൻ അക്ഷര നഗരിയിൽ

**സജി മത്തായി കാതേട്ട് (മീഡിയാ ചെയർമാൻ)**

കുമ്പനാട്: ഐ.പി.സി ആറാമത് സംസ്ഥാന കൺവൻഷൻ ഡിസംബർ 5 ചൊവ്വാഴ്ച മുതൽ 10 ഞായർ വരെ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. ഉപവാസപ്രാർത്ഥന, വിളംബരജാഥ, യുവസമ്മേളനം, സോദരിസമ്മേളനം, മാധ്യമ പ്രവർത്തകരുടെ സംഗമം, ശുശ്രൂഷകന്മാരുടെ സമ്മേളനം, സണ്ടേസ്കൂൾ ടീച്ചേഴ്സ് മീറ്റ്, ജാഗരണ പ്രാർത്ഥന എന്നിവ കൺവൻഷന്റെ ഭാഗമായി നടക്കും. കഴിഞ്ഞ ആഴ്ചയിൽ കോട്ടയം ഐ.പി.സി ടാബർനാക്കിൾ സഭയിൽ നടന്ന കൂടിയാലോചന മീറ്റിംഗിൽ കൺവെൻഷന്റെ നടത്തിപ്പിനായി വിവിധ കമ്മറ്റികളെ തെരഞ്ഞെടുത്തു. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി കൺവൻഷന്റെ നടത്തിപ്പിനെക്കുറിച്ച് പ്രസ്താവന നടത്തി. പാസ്റ്റർമാരായ രാജു പൂവക്കാല, സി. സി. എബ്രഹാം, ബ്രദർ ജോയി തനവേലിൽ, ഗ്ലാഡ്സൺ ജേക്കബ് എന്നിവർ വിവിധ ചർച്ചാ സെഷനുകൾക്ക് നേതൃത്വം നൽകി. തുടർന്ന് കൺവൻഷൻ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ കെ. സി. തോമസ് (ജനറൽ കൺവീനർ) പാസ്റ്റർമാരായ കെ. ഇ. തോമസ്, സണ്ണി ജോർജ്ജ്, സഹോദരന്മാരായ ഗ്ലാഡ്സൺ ജേക്കബ്, കുര്യൻ ജോസഫ് (ജനറൽ ജോയിന്റ് കൺവീനർമാർ) പാസ്റ്റർമാരായ പി.എ.മാത്യു, തോമസ് മാത്യു ചാരുവേലി, രാജു ആനിക്കാട്, വർഗീസ് മാത്യു, (ജനറൽ കോർഡിനേറ്റേഴ്സ്) പാസ്റ്റർമാരായ മാത്യു ഡേവിഡ്, സുരേഷ് കീഴൂർ, സുനിൽ വേട്ടമല, ടി. സി. കോശി, എം. വി. തോമസ് (ജന. ജോയിന്റ് കോർഡിനേറ്റേഴ്സ്).

## കോസ്മിക് സുനാമിക് സാധ്യത

അമേരിക്ക: ഭൂമിയെമൊത്തമായി വിഴുങ്ങുവാൻ സാധ്യതയുള്ള കോസ്മിക് സുനാമിക് സാധ്യതയെന്നു നാസയിലെ ഗവേഷകർ പറയപ്പെടുന്നു. ക്ഷീരപഥത്തിന് സമീപമുള്ള പെർസിയസ് സൗരയൂഥത്തിൽ ഉട ലെടുത്ത ഭീമൻ കോസ്മിക് സുനാമിയാണ് ഇതെന്നു പറയുന്നു. കോസ്മിക് സുനാമിക്ക് രണ്ട് ലക്ഷം പ്രകാശ വർഷം വലുപ്പമാണ് ഉള്ളതെന്നും ഭൂമി ഉൾപ്പെടുന്ന ക്ഷീരപഥത്തിന്റെ രണ്ടിരട്ടിയും വരും. ഈ സുനാമി വന്നു കഴിഞ്ഞാൽ നിമിഷനേരം കൊണ്ട് ഭൂമി ഉൾപ്പെടുന്ന ക്ഷീരപഥം ഇല്ലാതെയാകും.

ബില്യൺ വർഷങ്ങൾക്കിടയിലാണ് ഇത്തരത്തിലുള്ള കോസ്മിക് പ്രതിഭാസം ഉടലെടുത്തിട്ടുള്ളത്. റോയൽ അസ്ട്രോണമിക്കൽ സൊസൈറ്റിയുടെ ജേർണലാണ് വാർത്ത പുറത്തുവിട്ടിരിക്കുന്നത്. നൂറ് കോടി വർഷങ്ങൾക്കു മുമ്പ് പെർസിയൂസ് സൗരയൂഥത്തോട് മറ്റൊരു ചെറിയ സൗരയൂഥം കൂട്ടിയിടിച്ചാണ് ഈ ഊർജ്ജപ്രവാഹം തുടങ്ങാൻ കാരണമായത് എന്നും പറയപ്പെടുന്നു.

ഇപ്പോൾ സുനാമിയുടെ വലിപ്പം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും റിപ്പോർട്ടുകൾ പറയുന്നു. ഭൂമിയുടെ കാന്തിക മണ്ഡലത്തിൽ കണ്ടെത്തിയ വിള്ളലുകളുടെ അപകടകരമായ കോസ്മിക് തരംഗങ്ങൾ ഭൂമിയിൽ എത്തുമോ എന്ന ഭീതിയിലാണിപ്പോൾ ശാസ്ത്രലോകം. ഇത് സംഭവിച്ചാൽ വലിയൊരു അപകടം തന്നെയാണ് എന്ന് നാസയിലെ ഗോദാർദ് സ്പെസ് ഫ്ളൈറ്റ് സെന്ററിലെ ശാസ്ത്രജ്ഞൻ സ്റ്റീഫൻ വാൾ ക്കറുടെ അഭിപ്രായവും. ഇത് മാറിപോകട്ടെയെന്നാണ് ജനസമൂഹത്തിന്റെ പ്രാർത്ഥന.

## ഒന്നാം റാങ്ക് നേടി



ആലപ്പുഴ: ഐ.പി.സി ആലപ്പുഴ വെസ്റ്റ് സെന്ററിൽ കൈനകരി സഭാ ശുശ്രൂഷകൻ പാസ്റ്റർ തോമസ് കുര്യന്റെ മകൾ കെസിയ തോമസ്, എം.ജി. യൂണിവേഴ്സിറ്റി നടത്തിയ എം.എസ്.സി (Applied Science in Medical Documentation) പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി.

## പെന്തെക്കോസ്ത് വിശ്വാസി ലിസി ജോണിന് പുരസ്കാരം




**ചാക്കോ കെ. തോമസ്**

ബെംഗളൂരു: ലോക നഴ്സിങ് ദിനാഘോഷത്തിന്റെ ഭാഗമായി ആതുരസേവന രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള ഫ്ളോറൻസ് നൈറ്റിങ്ഗേൽ അവാർഡ് പെന്തെക്കോസ്ത് വിശ്വാസിയും ബെംഗളൂരു എം.എസ് രാമയ്യ മെഡിക്കൽ കോളേജ് നഴ്സിങ് സൂപ്രണ്ടുമായ ലിസി ജോണിന് ലഭിച്ചു. വിധാൻ സൗധയിൽ നടന്ന ചടങ്ങിൽ ആരോഗ്യമന്ത്രി യു.ടി. ഖാദർ അവാർഡ് വിതരണം നടത്തി. കർണാടക ആരോഗ്യകുടുംബ ക്ഷേമവകുപ്പും ആംഗ്ലോ ഇന്ത്യൻ യൂണിറ്റി സെന്ററും ചേർന്നാണ് പുരസ്കാരം ഏർപ്പെടുത്തിയത്.

ഏഴ് പതിറ്റാണ്ടു കൾക്കു മുമ്പ് എറണാകുളം ജില്ലയിലെ കോലഞ്ചേരിയിൽ, അയ്യത്ത് കുടുംബത്തിൽ നിന്നും കർണാടകയിലെ ഭദ്രാവതിയിൽ വന്ന ആരംഭകാല വിശ്വാസികളായ എ.വി.പൈലിയുടെയും പരേതയായ അന്നക്കുട്ടിയുടെയും മകളാണ് ലിസി. ഭദ്രാവതിയിലും ബെംഗളുരുവിലും ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം നേഴ്സിങ് കോളേജ് അദ്ധ്യാപികയായും, പ്രിൻസിപ്പാൾ ആയും സേവനം അനുഷ്ഠിച്ചിരുന്നു. സോഫ്റ്റ്‌വെയർ കൺസൾട്ടന്റ് ജോൺ മാത്യുവുമായി വിവാഹിതയായ ശേഷം ബെംഗളുരുവിൽ വിദ്യാരണ്യപുരയിൽ താമസിക്കുന്നു. റിനി (എഞ്ചിനീയറിംഗ് വിദ്യാർത്ഥി) സ്റ്റീവ് (സെന്റ് ജോൺ പി.യു.കോളേജ് വിദ്യാർത്ഥി) എന്നിവർ മക്കളാണ്.

ജാലഗള്ളി ശാരോൻ എ.ജി സഭാംഗമായ ലിസി ജോൺ സഭാവ്യത്യാസമെന്യെ കർണാടകയുടെ ഇതര ഗ്രാമങ്ങളിൽ വിവിധ ക്രൈസ്തവ സംഘടനകളോടൊപ്പം ആതുരസേവനം ചെയ്തു വന്നിരുന്നു. സഭയിൽ സൺഡേസ്കൂൾ പ്രധാന അദ്ധ്യാപികയായും, യുവജനവിഭാഗമായ സി.എ.സെക്രട്ടറിയുമായ ലിസിയും കുടുംബവും ആത്മീയ കാര്യങ്ങളിൽ മുൻപന്തിയിലാണ്. ദൈവം നൽകിയ താലന്തുകൾ ആതുരസേവനരംഗത്ത് കാരുണ്യത്തിന്റെയും അർപ്പണബോധത്തിന്റെയും പുണ്യകർമ്മമായി നിറവേറ്റണമെന്ന് ലിസി ജോൺ പറഞ്ഞു. യു.ടി.ഖാദറിൽ നിന്ന് സ്വീകരിക്കുന്നു.

## യു.പി.എഫ് ഫുജൈറയുടെ സംഗീത നിശ

ഫുജൈറ: യുണൈറ്റഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഓഫ് ഈസ്റ്റേൺ റീജിയൻ യു.എ.ഇ യുടെ ആഭിമുഖ്യത്തിൽ പ്രശസ്ത ഗായകൻ സാം കുഴിക്കാല നയിക്കുന്ന വർഷിപ്പേഴ്സ് ടീമിന്റെ സംഗീത നിശ ജൂൺ 3 ന് ഫുജൈറ ടെന്നീസ് ക്ലബിൽ വച്ച് നടന്നു. യു.പി.എഫ് വൈസ് പ്രസിഡന്റ് പാസ്റ്റർ എം. വി. സൈമൺ സംഗീത നിശ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പാസ്റ്റർ ജെയിംസ് ഈപ്പൻ, പാസ്റ്റർ ജെ. എം.ഫിലിപ്പ്, പാസ്റ്റർ ഷാജി അലക്സാണ്ടർ, കോശി ചാക്കോ, യു.പി.എഫ് മീഡിയ സെക്രട്ടറി ഡഗ്ളസ് ജോസഫ്, ക്രിസ് ജോ, ജിജി പാപ്പച്ചൻ, ഡാൽട്ടൻ എന്നിവർ നേതൃത്വം നൽകി.


2 അകലുവാൻ അനുവദിക്കരുത് — സന്തോഷ് പന്തളം

2 ആരാണ് മാതാവ്? — ഷെറിൻ ഷേർളി സന്തോഷ്

3 അശുദ്ധ ലോകത്തിലെ വിശുദ്ധജീവിതം — കുഞ്ഞുമോൻ ജോഷ്വാ

4 IMPROVE YOUR MEMORY — Duglas Joseph

7 സാത്താൻ സഭകൾ വെല്ലുവിളിയോ? — ജെ. പി. വെണ്ണിക്കുളം

**LANDWAY NEWS**

**EDITORIAL BOARD**

*CHIEF EDITOR:*
Santhosh Pandalam

*EDITOR:*
Sherly Santhosh

*ASSOCIATE EDITOR:*
Shiju John Samuel

*SUB EDITOR:*
Joy Varghese Elanthoor

*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

ETHIOPIA
Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

**വരിസംഖ്യ?**

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

> സാഹചര്യങ്ങൾ കണ്ട് വിഷയങ്ങളിൽ ഇടപെടുക. സൗമ്യത പ്രാപിക്കേണ്ട സമയത്ത് സൗമ്യതയ്ക്ക് ഇടം കൊടുക്കുകയും മറ്റുള്ളവരെ കോപിക്കാൻ നാം അവസരം കൊടുക്കാതിരി ക്കുകയും വേണം.

# അകലുവാൻ അനുവദിക്കരുത്

മനുഷ്യർ തമ്മിലുള്ള അകലം കുറമ്പോൾ ആത്മബന്ധവും കുറയുന്നു. അടുത്തുള്ള മനുഷ്യർ അകലുമ്പോൾ പറഞ്ഞറിയിക്കാൻ പറ്റാത്ത നിലയിലുള്ള വിഷമം പലരിലും നാം കണ്ടുവരാറുണ്ട്. ലോകത്തിൽ ജീവിക്കുന്ന ജീവജാലങ്ങളിൽ അതിപ്രധാനവും വിശേഷണവുമായ വ്യക്തിത്വമുള്ളതും മനുഷ്യർക്കാണ്. മനുഷ്യർക്ക് മാത്രമേ ആത്മവിനിമയം വാക്കുകളിൽ കൂടി കൈമാറാൻ സാധിക്കുകയുള്ളു എന്നതും അതിപ്രധാനമായ സത്യമാണ്.

മനുഷ്യരിൽ നിന്നും പലനിലകളിലും സാഹചര്യങ്ങളിലും മറ്റു മനുഷ്യർ അകന്ന് മാറുന്നുണ്ട്. ചിലത് നന്മയ്ക്ക് വേണ്ടിയായിരിക്കും ചിലത് തിന്മയ്ക്ക് വേണ്ടിയായി മാറുമെന്നത് നാം മറന്നുപോകരുത്. ചില അകൽച്ചകൾ ദോഷം മാത്രം വിതച്ചുകൊണ്ടും വേദനകൾ സമാനമായി വിതച്ചുകൊണ്ടും എന്നന്നേക്കുമായി പോകുന്നതായി കാണാറുണ്ട്. ഇങ്ങനെയുള്ളവർ തിരിച്ചുവരാത്ത തിരശീലയ്ക്കപ്പുറം കടന്നുപോകുന്നു. എന്നാൽ മറ്റു ചിലത് തൽക്കാലത്തേക്ക് മാത്രം അകലുന്നുവെങ്കിൽ നിമിഷങ്ങൾ കഴിയുമ്പോൾ പണ്ടത്തെക്കാളും സ്നേഹത്തോടെ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കണം. നമ്മിലുള്ള അകലങ്ങൾ ഏത് നിലയിലുള്ളതാണ് എന്നത് ഇടക്കിടക്ക് ഗൗരവപൂർവ്വം ചിന്തിക്കുന്നത് വളരെ നല്ലതായിരിക്കും. നമ്മുടെ ജീവിതത്തെ വണ്ടിയെവർക്ക് ഷോപ്പിൽ കയറ്റി പരിശോധിപ്പിക്കുന്നത് പോലെ ഇടക്കിടക്ക് വിചിന്തനം ചെയ്യുന്നത് അത്യുത്തമമല്ലോ.

ഒന്നു നാം ചിന്തിക്കണം ഒരാൾ നമ്മിൽ നിന്നും അകലണമെങ്കിൽ അതിന് പ്രധാനകാരണം നമ്മുടെ വാക്കാണ്. വായുടെ അകത്ത് കിടക്കുന്ന നാക്ക് ആവശ്യമില്ലാത്ത ഇടങ്ങളിലേക്ക് തിരിയുന്നതിനാൽ ബന്ധങ്ങളെ നശിപ്പിക്കുന്നു. നാവ് ചെറിയ ഒരു അവയവമെങ്കിലും വലിയ കാട് കത്തിക്കുന്നു. അത് പിന്നെ തീയായി മാറി പല ബന്ധങ്ങളെയും കുടുംബങ്ങളെയും തീക്കിരയാക്കുന്നു എന്നതാണ് നഗ്നമായ സത്യം. ഇത് നാം മറന്നുപോകരുത് ബന്ധങ്ങളെ കൂട്ടുവാൻ നാം ശ്രമിക്കണം.

നമ്മുടെ നാവ് ദോഷത്തിനായിത്തീരാതെ നമ്മയ്ക്കായി ഭവിക്കുവാൻ ദൈവത്തോട് നിരന്തരം പ്രാർ ത്ഥിക്കുകയും കഴിവിന്റെ പരമാവധി പ്രവർത്തിക്കുകയും ചെയ്താൽ നല്ലൊരു ജീവിതത്തിന് ഉടമയാകാൻ കഴിയും. മൃഗങ്ങൾ കണ്ണിൽ കണ്ണിൽ നോക്കി ആശയവിനിമയങ്ങൾ കൈമാറുമ്പോൾ മനുഷ്യർ വാക്കുകളിൽ കൂടി ആശയവിനിമയം നടത്തുന്നു. മനുഷ്യരെപ്പോലെ നല്ലൊരു സൃഷ്ടി ഈ ഭൂമിയിൽ മറ്റൊന്നില്ലായെന്ന് ചിന്തിക്കുക. കാരണം മനുഷ്യർ ദൈവത്തിന്റെ പ്രതീകവും സ്വഭാവമുള്ളവരുമാണ് തന്റെ സ്വന്തം സ്വരൂപത്തിലും സാദൃശത്തിലും മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നുവെന്നതാണ് ദൈവവചനം പറയുന്നത്. ആകയാൽ നാം ദൈവത്തെ മുൻനിറുത്തി മാത്രമേ വാക്കുകൾ പുറപ്പെടുവിക്കാവൂ.

പലരുടെയും വാക്കുകൾ കേൾക്കുമ്പോൾ പലരും അകന്ന് മാറാറുണ്ട്. അകന്ന് മാറിയ മനുഷ്യരെ ഒരു വാക്ക് കൊണ്ടോ ചില പ്രവർത്തികൊണ്ടോ തിരിച്ചെടുക്കാൻ കഴിയുകയില്ല. ചിലപ്പോൾ മാസങ്ങളും വർഷങ്ങളും നിരന്തരം അദ്ധ്വാനിച്ചാൽ പഴയ ബന്ധത്തിലേക്ക് തിരിച്ചുവരാൻ കഴിയുമായിരിക്കും. വന്നാൽപ്പോലും അത് ഗുണകരമായി തീരണമെന്നുമില്ല.

നമ്മുടെ പൂർവികർ പറഞ്ഞിരിക്കുന്നതുപോലെ 'എറിഞ്ഞ കല്ലും പറഞ്ഞ വാക്കും ഒരിക്കലും തിരിച്ചു വരികയില്ല'.

ദയവായി ചിന്തിച്ചിട്ടേ വാക്കുകൾ ഉപയോഗിക്കാവൂ. മനുഷ്യർ ദേഷ്യം വരാൻ സാധ്യതയുള്ളവരാണ് എങ്കിലും കുടുംബങ്ങൾക്കോ വ്യക്തിബന്ധങ്ങൾക്കോ നാശനഷ്ടമുണ്ടാകുവാൻ ഇട കൊടുക്കരുത്. സാഹചര്യങ്ങൾ കണ്ട് വിഷയങ്ങളിൽ ഇടപെടുക. സൗമ്യത പ്രാപിക്കേണ്ട സമയത്ത് സൗമ്യതയ്ക്ക് ഇടം കൊടുക്കുകയും മറ്റുള്ളവരെ കോപിക്കാൻ നാം അവസരം കൊടുക്കാതിരിക്കുകയും വേണം.

YOUTH

**നമ്മളിൽ പലരും ഈ സ്നേഹം എന്തെന്ന് അറിയാൻ ഒരുപാട് വൈകും, അപ്പോഴേക്കും നമ്മുടെ ജീവന്റെ പകുതിയായ അമ്മ നഷ്ടമായെന്ന് വരാം. ആയതിനാൽ കൂടെയുള്ളപ്പോൾ തന്നെ ആ സ്നേഹവും, വാത്സല്യവും അറിയുക**

# ആരാണ് മാതാവ്?



**ഷെറിൻ ഷേർളി സന്തോഷ്**

അമ്മയെപ്പോലെ അമ്മ മാത്രം... മക്കളായ നമ്മൾ ഒന്ന് ചിന്തിച്ച് നോക്കുക നാം കരയുമ്പോൾ ഏറ്റവും അധികം വേദനിക്കുന്നത് നമ്മുടെ അമ്മയാണ്. അമ്മ ഒരു പാഠമല്ല, അനേകായിരം പാഠങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിശുദ്ധ ഗ്രന്ഥമാണ്. മനസ്സിൽ നന്മയും, പ്രാർത്ഥനയും ദൈവീക വിശ്വാസവുമുള്ള മക്കൾക്ക് മാത്രം വായിക്കാൻ സാധിക്കുന്ന ഒരു വിശുദ്ധ ഗ്രന്ഥം. വിശുദ്ധ വേദപുസ്തകത്തിൽ നാം വായിക്കുന്നതുപോലെ ''മകനേ, അപ്പന്റെ പ്രബോധനം കേൾക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കയും അരുത്'' (സദൃശ്യവാക്യങ്ങൾ 1:8). ആരൊക്കെ ഈ ഭൂമിയിൽ നമുക്ക് ഉണ്ടെന്ന് പറഞ്ഞാലും അവർ എത്രയൊക്കെ സ്നേഹിച്ചാലും മക്കളായ നമ്മളെ ഹൃദയം നിറഞ്ഞ് സ്നേഹിക്കുവാൻ നമ്മുടെ മാതാപിതാക്കൾക്ക് മാത്രമേ സാധിക്കയുള്ളു. എന്താണ് ഒരു മാതാവിന്റെ സ്നേഹം എന്ന് അറിയണമെങ്കിൽ മക്കൾ ഹൃദയം നൊന്ത് ഒന്ന് കരയണം. കൂടെ കരയാനും ആശ്വസിപ്പിക്കാനും മാതാവ് മാത്രമേ കാണുകയുള്ളു. ''കണ്ണ് ഉള്ളപ്പോൾ കണ്ണിന്റെ വില അറിയുകയില്ല''. അതുപോലെയാണ് മാതാവ് അടുത്തുള്ളപ്പോൾ ആ വില തിരിച്ചറിയാൻ സാധിക്കയില്ല.

എന്നാൽ കുറച്ച് ദൂരേക്ക് ഇവരിൽ ഒരാൾ മാറിനിൽക്കണം എന്താണ് സ്നേഹം, ആ വാത്സല്യം എന്നതൊക്കെ ഗ്രഹിക്കുവാൻ. നമ്മൾ കരയുമ്പോൾ നമ്മുടെ അമ്മ പുഞ്ചിരിക്കുന്ന ജീവിതത്തിലെ ഒരേയൊരു നിമിഷം അതാണു നമ്മുടെ ജനനം. മറ്റുള്ള അവസരങ്ങളിൽ എല്ലാം കൂടെ കരയാൻ ഒരു കൂട്ടായി ആശ്വസിപ്പിക്കാൻ ഒക്കെ അമ്മ കാണും. അമ്മ വിശന്ന് ഇരുന്നാൽ പോലും മക്കൾക്ക് വേണ്ടതായ ആഹാരം നൽകും എന്നിട്ട് ഒരു വരി കൂടെ പറയും. എനിക്ക് വിശക്കുന്നില്ല മോനെ അല്ലെങ്കിൽ മോളെ, അമ്മയുടെ കൈകളിൽ മക്കൾ എന്നും സുരക്ഷിതരാണ്. മക്കൾക്ക് ദോഷമായി ഒന്നും ഒരു മാതാവും ചെയ്യുകയില്ല. അമ്മ ഇല്ലാത്ത ഒരു വ്യക്തിയോട് ചോദിച്ചാൽ മനസ്സിലാകും എന്താണ് അമ്മയുടെ വിലയെന്ന്.

ഏറെക്കുറെ മക്കൾക്കും അറിയാവുന്ന അല്ലെങ്കിൽ അറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാര്യമുണ്ട്. പഠിക്കുന്ന കാലങ്ങളിൽ സ്കൂളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ അല്ലെങ്കിൽ ഏതെങ്കിലും പരീക്ഷ യിൽ മാർക്ക് കുറഞ്ഞാൽ സാരമില്ല. അടുത്ത പ്രാവശ്യം നമുക്ക് വാങ്ങാം എന്ന് പറഞ്ഞ് നമ്മെ ആശ്വസിപ്പിക്കും. മിക്ക മക്കളും ഏതൊരു കാര്യവും മറ്റുള്ളവരോട് പറയാൻ ആഗ്രഹിക്കുന്നതിനേക്കാൾ അമ്മയോ ടാണ് പറയാൻ ആഗ്രഹിക്കുന്നത്. കാരണം എന്തെന്നാൽ അമ്മയ്ക്ക് മനസ്സിലാകും എന്താണ് തന്റെ മക്കളുടെ വേദനയെന്ന്.

നമ്മളിൽ പലരും ഈ സ്നേഹം എന്തെന്ന് അറിയാൻ ഒരുപാട് വൈകും, അപ്പോഴേക്കും നമ്മുടെ ജീവന്റെ പകുതിയായ അമ്മ നഷ്ടമായെന്ന് വരാം. ആയതിനാൽ കൂടെയുള്ളപ്പോൾ തന്നെ ആ സ്നേഹവും, വാത്സല്യവും അറിയുക. തിരികെ വേറെ ഒന്നും നൽകിയില്ലെങ്കിലും സ്നേഹിക്കുക. എന്നും നമ്മുടെ കൂടെ കാണാൻ പ്രാർത്ഥിക്കുക. നമുക്ക് വേണ്ടി മാത്രം ജീവിക്കുന്ന അമ്മയെ വേദനിപ്പിക്കാതെ സ്നേഹിക്കുക. മക്കൾ ഓർക്കുക ''അമ്മയ്ക്ക് തുല്യം അമ്മ മാത്രം''...

*Every good gift and every perfect gift is from above, coming down from the Father of lights*




Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

**പാപം അല്ലെങ്കിൽ അശുദ്ധി പ്രവേശിക്കുന്ന വാതിൽ മനസ്സാകുന്നു. ഹവ്വായുടെ നോട്ടവും ചിന്തകളും തിരിച്ചറിഞ്ഞ പിശാച് കെണിയിൽ താൻ വീണതുപോലെ, നമ്മുടെ മനസ്സിനെയാണ് പിശാച് ആക്രമിക്കുന്നത്. നാം കാണുന്നത്, കേൾക്കുന്നത്, മനസ്സിൽ സംഗ്രഹിക്കുന്നത് എല്ലാം നമ്മെ മലിനമാക്കുന്ന കാര്യങ്ങൾ ആണെങ്കിൽ നാം അശുദ്ധിയിലേക്കു നിപതിക്കും.**

# അശുദ്ധലോകത്തിലെ വിശുദ്ധജീവിതം



കുഞ്ഞുമോൻ ജോഷ്വാ
എറണാകുളം

വളരെ ആനുകാലിക പ്രസക്തിയാണ് ഈ വിഷയം എന്ന് ഒരു ദൈവപൈതലിനും നിസ്തർക്കം പറയുവാൻ കഴിയും. തന്റെ സമയം കഴിഞ്ഞു എന്നു ബോധ്യമുള്ള സാത്താൻ തന്നാൽ കഴിയാവുന്ന സകല മാധ്യമങ്ങളും ഉപയോഗിച്ചുകൊണ്ട് മനുഷ്യരെ ഭീതിയിൽ ആക്കുവാൻ ശ്രമിക്കുന്നതോടൊപ്പം തന്നെ നിർമ്മല കന്യകയായി വിവാഹനിശ്ചയം കഴിഞ്ഞ (2 കൊരി. 11:3) മണവാട്ടി സഭയെ സാധ്യമായ രീതിയിലെല്ലാം അശുദ്ധിയിൽ തളച്ചിടുവാൻ ശ്രമിക്കുന്നു എന്ന യാഥാർത്ഥ്യം ആത്മകണ്ണുകൾ തുറക്കപ്പെട്ട ഒരു ദൈവ പൈതലിനും തിരിച്ചറിയുവാൻ കഴിയും. അതിനാൽ തന്നെ ഈ വിഷയം വിചിന്തനം ചെയ്യുന്നത് നമ്മുടെ ജയജീവിതത്തിനും സഹായകരമാകും എന്നതിനു രണ്ടുപക്ഷമില്ല.

ദൈവവചനമാകുന്ന കണ്ണാടിയിലൂടെ നോക്കുമ്പോൾ കാണപ്പെടുന്ന വിശുദ്ധിയുടെ മാനദണ്ഡത്തിനുനേരെ വിപരീതമായ ദിശയിലേക്കാണ് ലോകത്തിലെ എല്ലാവിധ കണ്ടുപിടുത്തങ്ങളും മനുഷ്യനെ കൊണ്ടെത്തിച്ചിരിക്കുന്നത്. ആധുനിക വാർത്താമാധ്യമങ്ങളും കോർപറേറ്റ് ലോകവും ചേർന്ന് എതിർക്രിസ്തുവിന്റെ സാമ്രാജ്യത്തിനായി ലോകത്തെ വേഗത്തിൽ ഒതുക്കിക്കൊണ്ടിരിക്കുകയാണ്. ഇരുളിന്റെ ലോകത്തിന്റെ വ്യാപനം ശക്തിപ്പെടുത്തുന്നതിനും അശുദ്ധിയുടെ വ്യാപനവും അനിവാര്യം ആയിരിക്കുന്നു. പ്രായവ്യത്യാസം ഇല്ലാതെ തന്നെ അശുദ്ധിയിലേക്കു നിപതിക്കുന്നതിനും നാം അറിയാതെ തന്നെ നമ്മെ നയിക്കുന്ന മാധ്യമങ്ങൾ നമുക്കു ചുറ്റും നടനമാടിക്കൊണ്ടിരിക്കുകയാണ്. ആരും സുരക്ഷിതരല്ല കയ്യിലിരിക്കുന്ന മൊബൈൽ മുതൽ അറിവിന്റെ വാതായനം തുറക്കപ്പെടുന്ന ഇന്റർനെറ്റിന്റെ ലോകം വരെ മുഴുവൻ ചതിക്കുഴികളാൽ നിറഞ്ഞിരിക്കുകയാണ്. പിശാചിന്റെ ഏകലവ്യം ദൈവത്തിന്റെ ആലയമായ മനുഷ്യശരീരങ്ങളെ നിത്യം അശുദ്ധിയിൽ തളച്ചിടുക എന്നതാണ്. തന്നിമിത്തം മനസ്സും ശരീരവും ആത്മാവും മലീനമാക്കയും ഒരു ദൈവപൈതലിനെ കുറ്റബോധത്തിൽ തളച്ചിട്ടുകൊണ്ട് അവനെ പ്രയോജനരഹിതനായി സാത്താന്റെ രാജ്യത്തിനു ഭീഷണിയല്ലാത്തവനായിമാറുക എന്ന തന്ത്രമാണ്. അതിൽ ഒരു പരിധിവരെ പിശാച് ജയം വരിക്കയും ചെയ്തിട്ടുണ്ട്.

ഇത്രമാത്രം ഭീതിതമായ സാഹചര്യത്തിൽ ഒരു ദൈവപൈതലിനും വിശുദ്ധിയിൽ ജീവിക്കുന്നതിനും കഴിയുമോ? അത് എപ്രകാരം സാധ്യമാകും? വചനം എന്തു പറയുന്നു എന്നും നമുക്കു വിലയിരുത്തേണ്ടതായിട്ടുണ്ട്.

യൂദായുടെ ലേഖനം 24-ാം വാക്യം ഉറപ്പു നൽകുന്നത് ''വീഴാതെവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവൻ...'' 2 തെസ്സ ലോനിക്യർ 3:3-ൽ പറയുന്നത്; കർത്താവോ വിശ്വസ്തൻ അവൻ നിങ്ങളെ ഉറപ്പിച്ച് ദുഷ്ടന്റെ കയ്യിൽ അക പ്പെടാതെവണ്ണം കാത്തുകൊള്ളും. ഈ ഉറപ്പ് നമുക്കുണ്ടെങ്കിലും ചിലപ്പോഴൊക്കെ മാലിന്യങ്ങൾ പറ്റിപ്പിടി ക്കുന്ന അനുഭവം വൃതന്മാരിൽ പോലും ദൃശ്യമാണ്. ഒരു ദൈവപൈതലിലെ ജയജീവിത്തിനും സാധിക്കാതെ തളച്ചിടുന്ന രണ്ട് കാര്യങ്ങളുണ്ട്.

ഒന്ന്: ഭയം, അതായത് വീഴുമോ, പിശാച് വീഴിക്കുമോ എന്ന ഭയം. അതിനെ അതിവിദൂരമായ രീതിയിൽ പിശാച് ഉപയോഗിക്കുന്നു. രണ്ട്: അറിവില്ലായ്മ, അതായത് താൻ ആരാണെന്നും, തന്റെ പദവിയെയും അധികാരത്തെയും തിരിച്ചറിയാത്ത ഒരു വിശ്വാസിക്ക് വിശുദ്ധമായ ജീവിതം സാധ്യമാകയില്ല. റോമർ 6:18 -ൽ പറയുന്നത്: 'നിങ്ങളെ പഠിപ്പിച്ച ഉപദേശത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി തീർന്നു'. ദൈവം നമ്മെ കാണുന്നതുപോലെ നാം നമ്മെ കാണുവാൻ തുടങ്ങുമ്പോൾ വിശുദ്ധജീവിതം നമുക്ക് അവകാശമായി മാറും.

1 തെസ്സ 2:13 - ൽ: 'ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ട് മനുഷ്യന്റെ വചനമായിട്ടല്ല, സാക്ഷാൽ ആകുന്നതുപോലെ ദൈവത്തിന്റെ വചനമായിത്തന്നെ കൈകൊണ്ടതിൽ ഞാൻ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു. വിശ്വസിക്കുന്ന നിങ്ങളിൽ അത് വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ദൈവവചനം പ്രവർത്തന നിരതമായി നമ്മിൽ വ്യാപരിക്കുന്നത് നാം അത് വിശ്വസിച്ച് ദൈവത്തിനു മഹത്വം കൊടുക്കുമ്പോഴാണ്. നമുക്കു തന്നെത്തന്നെ കഴിയുന്നതല്ല വിശുദ്ധജീവിതം എന്നു നാം തിരിച്ചറിയണം ദൈവത്തിന്റെ കൃപയാണ് സാധ്യമാകുന്നത്. എഫെസ്യർ 4.24 - ൽ: 'സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപ മായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യൻ'.

അതായത് നമ്മുടെ വിശുദ്ധി നമ്മുടെ ശ്രമഫലമല്ല അത് സത്യമായ കർത്താവ് നമ്മിൽ വരുമ്പോൾ നാം ഭവിക്കുന്നതാണ്. രാജാവ് രാജകൊട്ടാരത്തിൽ വസിക്കുന്നതുപോലെ വിശുദ്ധനായ ദൈവം വസിക്കുന്ന ആലയം വിശുദ്ധമായി മാറുന്നു.

2 കൊരി 5:17 'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി മാറുന്നു; പഴയത് കഴിഞ്ഞു പോയി. സകലവും പുതുതായി മാറുന്നു. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ താൻ പിന്നെ പാപത്തിന്റെ നേർവിപരീത സ്വഭാവമായ നീതിമാൻ/നീതിമതി ആയി മാറുന്നു. നമ്മളെ ദൈവത്തിന്റെ നീതിമാന്മാരായി നീതികരിക്കപ്പെട്ടവരായിട്ടണ് ക്രിസ്തു യേശുവിലൂടെ പിതാവ് നമ്മെ കാണുന്നത് (റോമർ 5:1, 3:21). അതു പോലെ തന്നെ ദൈവത്തിന്റെ നീതിമാന്മാരായി നാം നമ്മെ കാണണം. 2 കൊരി 11:2,3 - ൽ 'ഞാൻ ക്രിസ്തു എന്ന ഏക പുരുഷനും നിങ്ങളെ നിഷേപകന്മാരുമായി ഏൽപ്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോകുമോ എന്നും ഞാൻ ഭയപ്പെടുന്നു'.

അതായത് പാപം അല്ലെങ്കിൽ അശുദ്ധി പ്രവേശിക്കുന്ന വാതിൽ മനസ്സാകുന്നു. ഹവ്വായുടെ നോട്ടവും ചിന്തകളും തിരിച്ചറിഞ്ഞ പിശാച് കെണിയിൽ താൻ വീണതുപോലെ, നമ്മുടെ മനസ്സിനെയാണ് പിശാച് ആക്രമിക്കുന്നത്. നാം കാണുന്നത്, കേൾക്കുന്നത്, മനസ്സിൽ സംഗ്രഹിക്കുന്നത് എല്ലാം നമ്മെ മലിനമാക്കുന്ന കാര്യങ്ങൾ ആണെങ്കിൽ നാം അശുദ്ധിയിലേക്കു നിപതിക്കും.

### നാം എപ്രകാരമാണ് മനസ്സ് ശുദ്ധമാക്കി സൂക്ഷിക്കുന്നത്?

യോഹന്നാൻ 15:3ൽ 'ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവർ ആകുന്നു'.

യോഹന്നാൻ 17:17 'സത്യത്താൽ അവരെ വിശുദ്ധീകരിക്കണമെ, നിന്റെ വചനം സത്യമാകുന്നു'. റോമർ 12:3 ഈ ലോകത്തിനും അനുരൂപമാകാതെ നമ്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുത്തുവിൻ'. അതിൽ അതിപ്രധാനമായത് നാം ആരാണെന്ന് നമ്മെ തന്നെ ബോധ്യപ്പെടുത്തുക എന്നതാണ്. ഉദാഹരണത്തിന് ഒരു പോലീസ് ഓഫീസർ താൻ മഫ്ടിയിലാണെങ്കിൽ പോലും താൻ ആരാണെന്ന് ഒരു സ്വകാര്യ അഹങ്കാരം ഉണ്ടായിരിക്കുന്നപോലെ നാം ആരാണെന്ന തിരിച്ചറിവ് അധികാരത്തോടെയും ഉറപ്പോടെയും ജീവിക്കുന്നതിന് ഒരു ദൈവപൈതലിനെ പ്രാപ്തമാക്കും. നാം അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്നു. ഇപ്പോൾ ഉയിർത്തെഴുന്നേറ്റിരിക്കുന്നു (എഫസ്യർ 2:1). നാം നീതികരിക്കപ്പെട്ട നീതിമാന്മാർ ആകുന്നു. (റോമർ 5:1, കൊലോ 1:20, റോമർ 4:24). നാം മക്കൾ ആകുന്നു (ഗലാത്യർ 4:5). നാം വിശുദ്ധർ ആകുന്നു (എഫസ്യർ 1:4). നാം നിഷ്ക്കളങ്കർ ആകുന്നു (എഫസ്യർ 1:3, കൊലോ 1:22). നാം നിത്യജീവൻ ഉള്ളവർ ആകുന്നു (യോന 5:24). നാം മരണം മാറി ജീവനിൽ പ്രവേശിച്ചവർ ആകുന്നു (റോമർ 5:12, 17). ജീവന്റെ പുതുക്കത്തിൽ നടക്കുന്നവർ ആകുന്നു (റോമർ 6:4,5). നാം ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികൾ ആകുന്നു. (റോമർ 8:17, എബ്രായർ 2:10). നാം പരിപൂർണ്ണർ ആകുന്നു (കൊലോ 2:10). നാം ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റ് ഉയരത്തിൽ വസിക്കുന്നവർ ആകുന്നു (റോമർ 6:5, കൊലോ 2:12, 3:1).

ഇവയെല്ലാം ആത്മതലത്തിൽ നിവർത്തിക്കപ്പെട്ടു കഴിഞ്ഞുവെന്നും അത് നാം സ്വായത്തമാക്കുന്നത് വിശ്വസിച്ചുകൊണ്ട് ദൈവത്തിനു മഹത്വം കരേറ്റുകയും അവ അപ്രകാരം നന്ദിയോടെ ഏറ്റുപറയുകയും ചെയ്യുമ്പോഴുമാണ് എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. അങ്ങനെയുള്ളവർ എല്ലായിടത്തും എല്ലായിപ്പോഴും ക്രിസ്തുവിന്റെ സൗരഭ്യവാസന പുറപ്പെടുവിക്കുന്നവർ ആയിരിക്കും. അവർ ഒരിക്കലും പരാജിതർ ആകയുമില്ല.

---

സ്ത്രീകളുടെ പംക്തി

# തലമുറയ്ക്ക് ദോഷം വരുത്തിയ അമ്മ!

വേദപുസ്തക ചരിത്രത്തിൽ അനുഗ്രഹിക്കപ്പെട്ട തലമുറയെ ദൈവകൃപയിൽ നിലനിറുത്തുവാൻ ശ്രമിച്ച അനേക അമ്മമാരുള്ളപ്പോൾ തന്നേ തലമുറയെ നാശത്തിലേക്ക് നയിച്ച അമ്മമാരും ഉണ്ട്. യിസ്രായേൽ രാജാവായിരുന്ന അഹസ്യാവിന്റെ അമ്മ അഥല്യ എന്ന സ്ത്രീയെ നാം വേദപുസ്തകത്തിൽ കാണുന്നു. (2 ദിനവൃത്താന്തം 22:2-4) ഈ സ്ത്രീയെ പരിചയപ്പെടുത്തിയിരിക്കുന്നത്. ദുഷ്ടത പ്രവർത്തിപ്പാൻ അവന്റെ അമ്മ അവന് ആലോചനക്കാരത്തിയായിരുന്നു എന്നത്രേ. ആഹാബ് ഗൃഹത്തിന്റെ പിന്തുടർച്ചക്കാരി എന്ന പോലെ ദുഷ്ടയായ ആ സ്ത്രീയുടെ ആലോചന ഒരു രാജാവിന്റെ നാശത്തിന് മാത്രം പ്രയോജനപ്പെട്ടു. ഒരു രാജ്യം ഭരിക്കുന്ന രാജാവിനെ നേർവഴിയിലൂടെ നയിക്കുന്നില്ല എങ്കിൽ ആ രാജ്യത്തെ ജനങ്ങൾ മുഴുവൻ അതിന്റെ ഫലം അനുഭവിക്കേണ്ടി വരും. ഒരു വീടിനകത്ത് ഒതുങ്ങുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിനേക്കാൾ പൊതുസമൂഹത്തിൽ പ്രയോജനപ്പെടേണ്ട ഒരു തലമുറയെ വളർത്തിയെടുക്കുന്നതിൽ ഒരു മാതാവിന്റെ സ്ഥാനം എത്ര വലുതായിരിക്കണം?

നമ്മുടെ തലമുറയെക്കുറിച്ചുള്ള ദർശനം എങ്ങനെയിരിക്കുന്നു? നാം നമ്മുടെ തലമുറയെ ശരിയായ നിലയിൽ വളർത്തുന്നില്ലെങ്കിൽ നമുക്ക് മാത്രമല്ല, പൊതുസമൂഹത്തിനും അവർ ദോഷം ചെയ്യുന്നവരായി മാറും. എങ്ങനെയെങ്കിലും വളർത്തുവാനല്ല ദൈവം നമുക്ക് മക്കളെ തന്നത്. കുടുംബത്തിനും സമൂഹത്തിനും പ്രയോജനപ്പെടേണ്ട ചിലതിനെ നമ്മുടെ ഉദരത്തിലും ഭവനത്തിലും തന്നിരിക്കുന്നു എന്ന ചിന്തയോടെ നാം നമ്മുടെ മക്കളെ വളർത്തുവാൻ തയ്യാറാകണം. ഒരു പഴഞ്ചൊല്ല് പറയുന്നു അടയ്ക്കാ മടിയിൽ വയ്ക്കാം അടയ്ക്കാമരം വയ്ക്കാൻ പറ്റില്ല. അതായത് നമ്മുടെ കയ്യിലൊതുങ്ങുന്ന പ്രായത്തിൽ അതിനെ നമുക്ക് നല്ല വഴിയിലേക്ക് തിരിച്ചുവിടുവാൻ കഴിയണം. അമ്മയിൽ നിന്നും ലഭിച്ച അഭ്യസനം മരണം വരെ അവരെ സ്വാധീനിക്കും.

അഥല്യ എന്ന ദുഷ്ട സ്ത്രീയുടെ സ്വാധീനം മൂലം രാജസന്തതികൾ മുഴുവൻ



ഷീലാ ദാസ്

കൊല്ലപ്പെട്ടു (10), ചില നാളുകൾ ആ സ്ത്രീ ദേശം വാണു (12), രാജധാനിക്ക് സമീപം വച്ച് അവൾ കൊല്ലപ്പെട്ടു (23:15) നഗരം സ്വസ്ഥമായി (23:21). ദുഷ്ടതമൂലം, ദോഷകരമായ ഒരു അന്ത്യവും അവൾക്ക് ലഭിച്ചു. എന്നാൽ അതുകൊണ്ടും തീർന്നില്ല. അവളുടെ തലമുറകൾ ദുഷ്ടന്മാരായി തീർന്നു. ഈ സ്ത്രീയുടെ പുത്രന്മാർ ദൈവാലയം പൊളിച്ചുകളഞ്ഞു. ബാൽ വിഗ്രഹങ്ങളെ സേവിച്ചു (24:7). തലമുറയുടെ പോലും ഭാവി ഇരുട്ടിലാക്കിയ ദുഷ്ട സ്ത്രീയായ അഥല്യയുടെ ചരിത്രം ഇങ്ങനെയായിരുന്നു.

പ്രിയ അമ്മമാരേ, നാം നമ്മുടെ തലമുറയ്ക്ക് ദോഷം ചെയ്യുന്നവരാകാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ. നമ്മുടെ വാക്കുകളും പ്രവർത്തികളും തലമുറയെ നല്ല വഴിയിലേക്ക് സ്വാധീനിക്കുന്നതാകട്ടെ. അഭിനയങ്ങൾ ഇല്ലാത്ത സ്ഥലമാണ് വീട്. ആ വീടിനകത്ത് തലമുറയുടെ മുമ്പിൽ ഒട്ടും ചമയങ്ങളില്ലാതെ നന്നായി ജീവിയ്ക്കുവാൻ നമുക്ക് ശ്രമിക്കാം.

ഒരു രാജ്യം മുഴുവൻ സ്വാധീനിക്കുവാൻ ഒരു അമ്മയുടെ ദുഷ്പ്രവൃത്തികൾക്ക് കഴിഞ്ഞെങ്കിൽ ഒരു രാജ്യത്തെ മുഴുവൻ നേർ വഴിയിലേക്ക് നയിക്കുന്ന നല്ല തലമുറകളെ നമ്മുടെ വീട്ടിൽ നിന്നും പുറത്തുകൊണ്ടുവരുവാൻ ദൈവം നമ്മെ ഉപയോഗിക്കട്ടെ.

ഒരായുസ്സ് മാത്രമേ നമുക്കുള്ളു, അത് നമുക്കും ദൈവത്തിനും സമൂഹത്തിനും പ്രയോജനപ്രദമാകട്ടെ. നമ്മുടെ മരണശേഷം നമ്മുടെ തലമുറകൾ ആലയം പൊളിക്കുന്ന കുപ്രസിദ്ധരാകാതിരിക്കട്ടെ. അതിന് വില മുടക്കുവാൻ തയ്യാറുള്ള അമ്മമാരെ കർത്താവ് കാത്തിരിക്കുന്നു.

# IMPROVE YOUR MEMORY



Duglas Joseph

ASKING QUESTIONS TO CLARIFY AND MAINTAIN EYE CONTACT WITH YOUR TEACHER CAN INCREASE YOUR PARTICIPATION AND YOUR FOCUS DURING THE CLASS DISCUSSION.



Rahul is a hardworking student. He studies his subjects on daily basis. However, during the exams, he tends to forget everything. Parents highly worried about Rahul's poor academic performance. Rahul's issue was not an exceptional case. In my teaching career, I came across hundreds of students and parents who complaint about lack of memory.

When I study, I remember everything. But during the exam, I forget everything. I can't remember a word properly and everything is shuffled in my mind. How can I improve my memory? This is the usual words of many students who suffer from poor memory. However, the happy news is that, memory power can be improved to a certain extent. Let us see some practical solutions to overcome the issue of forgetfulness.

### IMPROVE YOUR MEMORY

If you want to improve your memory, here are some tricks you can learn.

### ACRONYMS:

Forming an acronym is a good strategy to use to remember information in any order. An acronym is a word that is formed from the first letter of each fact to be remembered. It can be a real word or a nonsense word you are able to pronounce. Here is how to form an acronym.

• Write the facts you need to remember.

• Underline the first letter of each fact.

• Arrange the underlined letters to form an acronym that is a real word or a nonsense word you can pronounce.

Recently I learned from my students such an Acronym. My Very Energetic Mother Just Served Us Noodles is helpful to learn the planets very easily. During our childhood days, in order to remember the colours of rainbow, we used VIBGYOR as an acronym.

### VISUALISATION AND REAL LIFE CONNECTION:

Any concept or idea can be easily remembered, if we visualize it. Draw or imagine a picture of what's being studied, or find one in a book Also connect the concept with real life situations. The teachers can play a big role to improve the memory of students by using videos, pictures and reference to day to day life situations.

### IMMEDIATE REVIEW:

Studying one hour immediately after a class will do more good in developing an understanding of the material as several hours a few days later. Studies show that as much as 80 % of material learned in class is forgotten within 24 hours if there is no review. Review is worth the time. It doesn't take long, but the benefits are priceless. Remember, the best time for review is within a day or two after the material has been taught. Don't give them time to forget!

### PARTICIPATION AND EFFECTIVE LISTENING IN CLASS:

Effective listening is very important for successful learners. In order to learn more in class, it helps to participate in class discussions. Asking questions to clarify and maintain eye contact with your teacher can increase your participation and your focus during the class discussion. Those students who listen properly find it easy to comprehend the lessons.

### READ EFFECTIVELY:

Many students complain about lack of concentration while reading. Use the SQ3R Method—survey, question, read, recite, review—to actively retain information. Just reading it is not enough. First of all, have a bird's eye view of the topic ie. over all review of the portion. Then form some questions about the topic and read the portions to find out answer for the questions. Reading loudly helps for easy memorization.

### TAKE NOTES:

Develop the habit of note taking during your class lecture and during home study. Write down the main points in orderly manner. Note taking would help to increase memory and fast revision.

*(Writer on teenage and education issues. Faculty at Gems Our Own English School Fujairah. Former faculty at Ministry of Education Maldives).*

# SO GREAT SALVATION !



Shiju John Samuel

Concerning this salvation, the prophets, who spoke of the grace that was to come to you, searched intently and with the greatest care, trying to find out the time and circumstances to which the Spirit of Christ in them was pointing when he predicted the sufferings of Christ and the glories that would follow. It was revealed to them that they were not serving themselves but you, when they spoke of the things that have now been told you by those who have preached the gospel to you by the Holy Spirit sent from heaven. Even angels long to look into these things.

1 Peter 1:10–12. Peter writes to believers who are being persecuted for their faith. Peter starts off his letter encouraging these suffering saints with praise to God for their salvation (1 Pet 1:3). He then goes on and talks about what makes it so great. We have a living hope and the new birth. We are being protected for this salvation by God. We have an inheritance that will not fade (1 Pet 1:3–6). Peter writes to them about the greatness of their salvation in order to encourage them and bring them joy in the midst of suffering.

Most people find their joy from family, friends, career, or hobbies, but when family is sick or when there are problems at work, they lose their joy. No doubt, many among us have lost their joy as well since the world around them is falling apart. The greatest joy in our life should be Christ, and the salvation we have received from him. It is from this relationship and the benefits of salvation that we can have enduring joy. In this passage, Peter wants the Christians to refocus on how great their salvation is so they can have joy and persevere. He starts off with "concerning this salvation," calling them to remember things they already knew so they can again stand in awe.

There are some truths about our salvation that can help us restore our joy even in midst of trials. In this article we will see some truths about the greatness of our salvation.

### 1. OUR SALVATION IS GREAT BECAUSE IT IS THE MESSAGE OF GOD'S GRACE.

Here Peter uses the word "grace" which means "unmerited favor". Salvation is not something we deserve because of our good works but is something given as a work of unmerited favor from God. We see this in Ephesians 2:8–9: "For it is by grace you have been saved, through faith—and this not from yourselves, it is the gift of God—not by works, so that no one can boast" (emphasis mine).

The message of God's grace gives hope for every sinner, no matter how great his sin! That's good news! The only thing that keeps you from experiencing God's grace is your pride that tells yourself that you're a good person who doesn't need grace. If you'll confess your sin, the cross of Christ is sufficient to forgive you completely.

The message of God's grace also should encourage us when we fail and humble us when we succeed. Many people, though saved by grace, still relate to God on the basis of their works. For some people, if they read their Bible or went to church, then they feel like they can approach God or relate to him. When they fail, they feel unworthy to go to church or read their Bibles. They relate to God based on their works, and therefore, Satan continually discourages them when they fail or tempts them to pride when they succeed. When we understand that we are saved by grace and Christ is the sole basis of our relationship to the Father, it should encourage us when we fail and help us remain humble when we succeed.

Look at how Paul rebukes the Galatians who were trying to relate to God based on law and legalism. "Are you so foolish? After beginning with the Spirit, are you now trying to attain your goal by human effort" (Gal 3:3)?

Understanding the grace given in salvation should make us joyful. We didn't deserve it; it came from God on the basis

▶ To page 6
SO GREAT SALVATION

# WORLD SCAN

AUSTRALIA

## Australian minister calls out for tougher refugee rules to tackle false asylum seekers



Australia's immigration minister, Peter Dutton, on Tuesday urged tougher refugee rules that would deport refugees who took vacations in countries where they claimed to fear persecution. Dutton last year canceled the protection visas of six Iranians after discovering that they had returned to the homeland where they claimed to fear for their lives.

But all six were allowed to stay in Australia after they successfully appealed to a court that hears public complaints about government decisions, News Corp. newspapers reported. Rulings from the Administrative Appeals Tribunal can also be appealed in civil courts in what Dutton described as a "legal roundabout" and an "endless cycle of decision reviews."

The Australian system was "too generous" to asylum seekers and needed to be tightened with new laws, Dutton said. "If you're claiming that you've got on a boat and come to our country to flee persecution from country-X, and then you're heading back there to get married or heading back there for a family vacation, then really there is no validity to your claim," Dutton told Adelaide Radio FiveAA.

One Iranian claimed to have been on an Iranian wanted list and fled that country on a fake passport, newspapers

reported. After Australia accepted his refugee claim, he applied for an Iranian passport and used it to fly back to his homeland. Another Iranian returned to Iran three times after becoming a refugee in Australia, once to marry, newspapers reported.

Two family members claimed to be stateless when they were accepted as refugees. Their story unravelled when a relative who wanted to join them in Australia provided evidence that all three were Iranian citizens. An Iranian couple claimed in their protection visa application that they had no identity documents, but later returned to Iran on Iranian passports.

Dutton's office confirmed that the newspaper reports of the six Iranians' circumstances were accurate. Their names cannot be published under Australian law. The six, paid smugglers to bring them from Indonesia to Australia before the government introduced a tough policy in 2013 that prevents any refugees who arrive by boat from ever settling in Australia.

MIDDLE EAST- GULF

## King Salman felicitates Donald Trump with Saudi Arabia's top civilian honor



President Donald Trump basked in Saudi Arabia's lavish royal welcome Saturday as he left behind, at least temporarily, the snowballing controversies dogging him in Washington. Trump rewarded his hosts with a $110 billion arms package aimed at bolstering Saudi security and a slew of business agreements. "That was a tremendous day, tremendous investments in the United States," Trump said during a meeting with Crown Prince Mohammed bin Nayef.

The visit to the kingdom's capital kicked off Trump's first foreign trip as president, an ambitious, five-stop swing that will take him through the Middle East and into Europe. He is the only American president to make Saudi Arabia or any Muslim-majority nation his first overseas trip.

EUROPE- ITALY

## Rescuers pull 2,121 migrants to safety in Mediterranean



Rescuers pulled 2,121 migrants to safety from boats in the Mediterranean late on Friday and early on Saturday and recovered one dead body, the Italian coastguard said. More than 45,000 people have reached Italy by boat from North Africa this year, up more than 40 percent from the same period in 2016, and 1,222 people are known to have died on the perilous crossing, according to the International Organisation for Migration.

The rescue operations involved two ships operated by the non-governmental organisations (NGOs) Sea Eye and JugendRettet and a Spanish vessel participating in the EU's EUNAVFOR mission in the Mediterranean, the coastguard said. The coastguard did not give any details about the migrants. Most sea-borne migrants arriving in Italy are from Sub-Saharan Africa or Bangladesh and pay Libya-based smugglers to organise their passage.

ASIA- PHILIPPINES

## Philippines' tough public smoking ban gets broad support



A Philippine ban on smoking in public places received broad support on Friday, with anti-tobacco activists hailing it as a victory and some smokers saying they were now prepared to kick the habit. Even an industry lobby group, the Philippine Tobacco Institute (PTI), said it supported the regulation and acknowledged the health objectives.

President Rodrigo Duterte this week signed an executive order delayed from last year due to corporate resistance. It sets strict guidelines on designated smoking areas. Shares in LT Group Inc, the Philippines' top cigarette maker, fell as much as 4.4 percent to near one-month low following the news.

The law takes effect 60 days after its publication in a newspaper. "This is a victory for us," said Maricar Limpin, executive director of Action on Smoking and Health Philippines. "This (order) highlights the need to protect the people from the harsh exposure to second hand smoke."

The order imposes an "absolute ban" in schools, gas stations, hospitals, "food preparation areas" and stairwells, health officials said. It also covers existing bans on the sale, distribution and purchase of tobacco products to and from minors and restrictions on cigarette advertisements and promotions.

പാട്ടിന്റെ വഴി

ഫാനി ക്രോസ്ബി

# എനിക്കു പാട്ടും പ്രശംസയും...



*This is my story, this is my song*
*Praising my saviour all the day long'*

*'എനിക്കു പാട്ടും പ്രശംസയും*
*ദൈവകുഞ്ഞാടും തൻ കുരിശും*
*യേശു എൻ സ്വന്തം'*

അന്ധയായി തീർന്നിട്ടും തെല്ലും പരിഭ്രാന്തിയോ, പിറുപിറുപ്പോ ആരോടും പരാതിയോ ഇല്ലാതെ നീണ്ട വർഷങ്ങൾ ഈ ഭൂമിയിൽ പാർത്ത്, കഷ്ടവും വേദനകളും സഹിച്ച് ദൈവത്തെ മഹത്വപ്പെടുത്തി നീതി സൂര്യനാം ക്രിസ്തുവിന്റെ ശോഭ ദർശിപ്പാൻ സ്വർഗ്ഗത്തിലേക്ക് ചിറകടിച്ച് പറന്നുപോയ അമേരിക്കൻ വനിതയാണ് ഫാനിക്രോസ്ബി.

1920 മാർച്ച് 24 –ന് അമേരിക്കയിൽ ഫാനി ക്രോസ്ബി ജനിച്ചു. ജന്മനാ ആരോഗ്യവതിയും, സൗന്ദര്യ വതിയുമായിരുന്ന ഫാനിയെ രോഗം കീഴ്പ്പെടുത്തുവാൻ ഏറെ നാൾ വേണ്ടി വന്നില്ല. ആറാം വയസ്സിൽ കണ്ണിന് രോഗം ബാധിച്ചു. രോഗം കഠിനമായി ഒരു നാട്ടു വൈദ്യന്റെ തെറ്റായ ചികിത്സ കൂടുതൽ അപകട ത്തിലേക്ക് എത്തിച്ചു. രണ്ട് കണ്ണിന്റെയും കാഴ്ചശക്തി നഷ്ടപ്പെട്ടു. തിരിച്ചറിവിന്റെ പ്രായമാകുന്നതിനു മുമ്പ്, ഭൂമിയിൽ ജീവിക്കുവോളം അന്ധയായി ജീവിക്കണമെന്ന് തിരിച്ചറിഞ്ഞ ഫാനി, നിത്യനായ ദൈവം തന്നെ പ്രത്യേക ശുശ്രൂഷയ്ക്കായി വേർതിരിച്ചു എന്നും തിരിച്ചറിഞ്ഞു.

നിർഭാഗ്യമെന്നു പറയേണ്ട സ്ഥാനത്ത് ഭാഗ്യം വർണ്ണിക്കാനാവുന്നില്ല എന്ന് ഫാനി ആത്മാവിൽ പാടി. ആത്മനയനങ്ങളാൽ തുറന്ന സ്വർഗ്ഗം ദർശിച്ച് ഫാനി പാടി. അന്ധയും ശക്തിഹീനയുമായിത്തീർന്ന ഫാനിയ്ക്ക് സ്നേഹ ബന്ധങ്ങൾ അറ്റുപോയപ്പോഴും കുലുക്കമുണ്ടായില്ല. ക്രൂശിലെ മരണത്തോളം തന്നെ സ്നേഹിച്ച സ്നേഹനാഥൻ നിത്യതയോളം സ്നേഹിക്കും എന്ന് ആത്മാവിൽ അറിഞ്ഞ് ഇങ്ങനെ പാടി.

''യേശു എൻ സ്വന്തം ഹല്ലേലുയ്യാ-ഈ സ്നേഹ ബന്ധം നിൽക്കും സദാ മരണത്തോളം സ്നേഹിച്ചു താൻ നിത്യതയോളം സ്നേഹിക്കും താൻ'' കുഞ്ഞാടിന്റെ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെടുന്നവർ കർത്താവിന്റെ സമ്പത്താണെന്നറിഞ്ഞ്, പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് വീണ്ടും പാടി.

''യേശു എൻ സ്വന്തം ഹല്ലേലുയ്യാ-ഞാൻ നിൻ സമ്പാദ്യം എൻ രക്ഷകാ നീയെൻ കർത്താവും സ്നേഹിതനും ആത്മഭർത്താവും സകലവും''

8000 –ൽ അധികം ആത്മീയ ഗീതങ്ങൾ ചമച്ചുകൊണ്ട് അമേരിക്കയിൽ ആത്മീയ ഗാനരചയിതാക്ക ളിൽ അഗ്രഗണ്യമായ സ്ഥാനം അലങ്കരിച്ച മഹത് പ്രതിഭയായിരുന്നു ഫാനി ക്രോസ്ബി. അവരുടെ അപാര ബുദ്ധിവൈഭവവും കഴിവും കണ്ടറിഞ്ഞ ഒരു വ്യക്തി ഒരിക്കൽ ഇപ്രകാരം ചോദിച്ചു. ''ഫാനി, ഇത്രയും കഴിവു തന്ന ദൈവം അന്ധത മാറ്റാത്തത് എന്ത്''? ഉത്തരം നിരാശയോടും സംശയത്തോടും ആയിരുന്നില്ല. ചോദ്യകർത്താവിനെ അത്ഭുതപ്പെടുത്തി അവർ പറഞ്ഞു. ''പിറന്നു വീഴും മുമ്പേ എങ്ങനെ പിറക്കണം എന്ന് ദൈവം ചോദിച്ചിരുന്നുവെങ്കിൽ അന്ധയായി ജനിക്കണമെന്ന് പറയുമായിരുന്നു. കാരണം ലോകത്തിൽ താൽക്കാലികമായി മാത്രം സ്നേഹിപ്പാൻ കഴിയുന്നവരെ കാണുന്നതിനും മുമ്പ് നിത്യമായി സ്നേഹിക്കുന്ന കർത്താവിനെ ആദ്യം കാണാൻ കഴിയുമല്ലോ''.

ബാല്യത്തിലെ അന്ധയായിത്തീർന്ന ഫാനി ക്രോസ്ബിയെ നല്ല വാർദ്ധക്യംവരെ സംതൃപ്തിയോടെ നടത്തിയത് ഈ വിശ്വാസമാണ്. 1915 –ൽ 95 –ാം വയസ്സിൽ അരുമനാഥന്റെ അരികിൽ എത്തി ആശ്വസിപ്പാൻ അവർ തിരശ്ശീലക്കപ്പുറത്തേക്ക് പോയി. 1915 –ൽ അവർ മരിച്ചുവെങ്കിലും ഈ ഗാനം ഭാഷകളു ഗാത്രങ്ങളും, വംശങ്ങളും, രാജ്യങ്ങളും വ്യത്യാസമില്ലാതെ ആയിരമായിരങ്ങൾക്ക് സന്തോഷവും പ്രത്യാശയും നൽകിക്കൊണ്ട് ജീവിക്കുന്നു.

---

► From page 4
SO GREAT SALVATION

of His mercy and grace. This should give us joy. Amazing grace should make us rejoice even in suffering!

### 2. OUR SALVATION IS GREAT BECAUSE IT WAS PREDICTED BY THE OLD TESTAMENT PROPHETS.

Peter is saying, "The salvation you have received is the very thing that these great men of God spent their lives looking for!" That doesn't mean that they weren't saved. But they couldn't understand it the way we do because they lived before Christ came.

Some have explained it by saying that the prophets saw two mountain peaks: Mount Calvary, where Christ would die for our sins; and, Mount Olivet, where He will return in power and glory to set up His kingdom. But they couldn't see the valley between the two peaks, much as we can't when we look at two distant peaks. So they didn't grasp that the same Messiah who would suffer for our sins would ascend into heaven for 2,000 years before returning to reign in glory.

Note how Jesus Himself interpreted the prophet Isaiah when He was preaching in Nazareth (Luke 4:18-21): He read a few verses, then stopped in the middle of the verse and announced, "Today this Scripture has been fulfilled in your hearing." Why didn't Jesus finish the verse from Isaiah? Because it goes on to say, "And the day of vengeance of our God" (Isa. 62:2), which refers to His second coming in judgment. It's easy to see why the Old Testament prophets missed the 2,000-year gap between the two halves of that verse!

The question arises when we suffer: What if Christianity isn't really true? What if I'm believing in myths or something purely psychological? What if I'm suffering for nothing? Peter's answer is that our salvation is rooted in prophecies made hundreds of years before Christ came. Even though the prophets didn't understand everything the Holy Spirit (here called the "Spirit of Christ" because He bears witness to Christ) revealed to them, it has been fulfilled in the death, resurrection, ascension, and promised second coming of Christ. As Peter writes in 2 Peter 1:19, "We have the prophetic word made more sure." Our salvation is great because it is nothing less than that predicted throughout the Old Testament.

### 3. OUR SALVATION IS GREAT BECAUSE IT IS A MYSTERY TO THE ANGELS.

Peter says that even the angels long to look into our salvation! When Satan and the other fallen angels sinned, God did not provide salvation for them. He provided it only for fallen human beings, and that at great cost: He took on human flesh in the person of Jesus Christ and died in our place on the cross. His plan is that His manifold wisdom might now be made known through the church to the rulers and the authorities in the heavenly places (Eph. 3:10). Jesus taught that the angels rejoice over the salvation of one repentant sinner (Luke 15:10). Whatever angels know, we can assume that they know a lot about God. They stand in His holy presence (Isa. 6:1-3). They are sent out to do His will (Heb. 1:14). They have tremendous authority and power (2 Pet. 2:11; Jude 8-9). They're impressive beings! And yet, there is something about the majesty of God's Being that He is teaching even the angels through our salvation! How privileged we are to enjoy such a great salvation!

### CONCLUSION

From above study it is clear that our salvation is so great that whatever we must endure for Christ's sake now is nothing compared with the glory that awaits us. Just as Jesus first wore the crown of thorns and then the crown of glory, so with us who follow Him. We may suffer now, but we already have tasted of this great salvation that the prophets foretold and into which the angels long to look. We can't even fathom all the riches which God has in store for those who love Him. So when you suffer for Jesus' sake, hang in there with joy, knowing that glory lies ahead!


## ആരോഗ്യവും യുവത്വവും തിരിച്ചു പിടിക്കൂ

ജീവിതത്തിൽ എന്നേക്കുമായി നഷ്ടപ്പെട്ടെന്ന് കരുതിയ യുവത്വത്തിന്റെ പ്രസരിപ്പ് തിരികെ വരുന്നു.

1. കൊളസ്ട്രോൾ, ബ്ലഡ് ഷുഗർ നോർമൽ ആകുന്നു.
2. ശരീര ക്ഷീണവും (ഉണർവില്ലായ്മ) കൈകാൽ മരവിപ്പ് വിട്ടു മാറുന്നു.
3. അതിപുരാതന മർമ ചികിത്സയിലൂടെ നാഡീവ്യൂഹത്തെ ഉണർത്തുന്നു.
4. ചർമത്തിന്റെ മൃദുതലത തിരിച്ചുവരുന്നതൊടൊപ്പം ചർമ കാന്തി വർദ്ധിക്കുകയും ചെയ്യുന്നു.
5. അഞ്ച് ദിവസത്തെ ചികിത്സ

a. അതിപുരാതന മർമ ചികിത്സ
b. പ്രത്യേകം തയ്യാറാക്കിയ ഭക്ഷണത്തോടൊപ്പം ഉള്ള പ്രകൃതി ജീവനം (Special Diet according to the PULSE / NADI Reading)

അഞ്ച് ദിവസത്തിന് ശേഷം മൂന്നു മാസത്തേക്കുള്ള Food Supplement Kit ചികിത്സയുടെ ഭാഗമായി നൽകുന്നു.

**Contact : +91 9845493632**


## ബൈബിൾ ക്വിസ് – ജൂൺ 2017

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**സെഖര്യാവ് 11 – മലാഖി 4**

1. മനോഹരമായ വില എത്ര?
2. മഹാവിലാപം ഉണ്ടാകുന്നത് എവിടെ?
3. വായിൽ ചീഞ്ഞഴുകുന്നത് എന്ത്?
4. ഭാരമുള്ള കല്ലായി തീരുന്നത് ആര്?
5. ഊതിക്കഴിക്കുന്നവിധം ഏത്?
6. ശപിക്കപ്പെട്ടവൻ ആര്?
7. ചോദിച്ച് പഠിക്കേണ്ടത് ആരോട്?
8. യഹോവയെ മുഷിപ്പിക്കുന്നത് എങ്ങനെ?
9. ദൈവസന്നിധിയിൽ എഴുതിവെച്ചിരിക്കുന്ന പുസ്തകം ഏത്?
10. താളടി ആകുന്നത് ആരെല്ലാം?

**2017 മെയ് മാസത്തിലെ ശരി ഉത്തരങ്ങൾ**

1. യെരുശലേം (2: 4), 2. യോശുവ (3: 5), 3. മോഷ്ടിക്കുന്നവൻ (5:3), 4. യോശുവ (6:11), 5. ദൂതനോട് (1:13), 6. ഏഴ് (4:2), 7. ബേഥേൽക്കാർ (7:2), 8. വാർദ്ധക്യം നിമിത്തം (8:4), 9. സോർ (9:3), 10. പ്രത്യാശയുള്ള ബദ്ധന്മാരോട് (9:12).

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Baby Varghese, Vilayil Bethel, Karamcodu, Chathannor, Kollam (Dist)

*രണ്ടാം സമ്മാനം:* Bindhu Biju, Mannil Thekkethil, Kodukulanji P.O, Chengannur, Alappuzha (Dist).

**ശരി ഉത്തരം അയച്ചവർ:** 1). Gracy Johnson, Poomala,Idukki. 2). Bincy Roy, A.G Church, Mulluvil. 3).Reeja Roy, A.G Church, Mulluvila. 4). Joel V Sabu, Maruthimoottil, Kulathupuzha. 5). Josna Mol Johnson, Kottakuzhiyil, Poomala, Thodupuzha. 6). Joshi Jacob, Aluvilayil House, Malappuram. 7). Riju Peter, Kodumtharamalayil, Mundamala P.O . Puramattom. 8). Joice Jacob, IPC Prayer Hall, Thalippadam, Namburipotty, Nilamboor. 9). Baby Varghese, Vilayil Bethel, Karamcodu, Chathannor. 10). Bindhu Biju, Mannil Thekkethil, Kodukulanji, Chengannur. 11). Manoj K, Vakkachan Padikkal House, Changanassery, Kottayam.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.



# സാത്താൻ സഭകൾ വെല്ലുവിളിയോ?

**ഒറ്റ നോട്ടത്തിൽ മനസ്സിലാക്കുന്ന ആരാധനാ രീതികളല്ല ഇവരുടേത്. കർക്കശമായ ചിട്ടകൾ ഇവർക്കുണ്ട്. അതു കൊണ്ടുതന്നെ ഇതിൽനിന്നും പിന്തിരിയാൻ ശ്രമിക്കുന്നവരെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കും. കേരളത്തിലെ ദുരൂഹമായ പല കൊലപാതകങ്ങൾക്കും പിന്നിൽ ഇവരുടെ സാന്നിദ്ധ്യമുണ്ട് എന്ന് ചിന്തിച്ചാൽ അത്ഭുതപ്പെടാനില്ല.**



ജെ. പി. വെണ്ണിക്കുളം

അടുത്തയിടെ തിരുവനന്തപുരത്ത് നന്ദൻകോട് നടന്ന കൊലപാതകത്തോടെയാണ് സാത്താൻ സഭ ഇവിടെ സജീവമാണ് എന്നോർത്ത് കേരളം വീണ്ടും ഉണരുന്നത്. ഇതിനു മുൻപും ഇതിനെക്കുറിച്ച് ചിലരെങ്കിലും കേട്ടിട്ടുണ്ട്. എന്നാൽ അത്ര കാര്യമായി എടുത്തുകാണില്ല എന്നതാണ് വസ്തുത. ഇപ്പോൾ അത് വീണ്ടും സജീവ ചർച്ച ആവുകയാണ്. ആഭിചാര ക്രിയകളോട് പ്രത്യേക അഭിനിവേശമായിരുന്നു കേഡർ ജിൻസൻ പീറ്ററിന്. ആത്മാവിനെയും ശരീരത്തെയും വേർപിരിച്ചെടുക്കുക എന്നതായിരുന്നു എപ്പോഴുമുള്ള ചിന്ത. ഇതിനു ആസ്ട്രൽ പൊജക്ഷൻ എന്ന് പറയുന്നു. സാത്താൻ സേവയെക്കുറിച്ചു ഇയാൾ അറിയുന്നത് ഓസ്ട്രേ ലിയയിൽ നിന്നാണ്. അവിടെ സാത്താൻ ആരാധനയിൽ ഇയാൾ പങ്കാളിയായിരുന്നു.

നാട്ടിൽ തിരിച്ചെത്തിയ ഇയാൾ തന്റെ വിശ്വാസത്തിലേക്ക് മാതാപിതാക്കളെയും എത്തിക്കാനുള്ള ശ്രമത്തിലായിരുന്നു. എന്നാൽ പ്രൊഫ. രാജ് തങ്കവും ഭാര്യ ഡോ. ജിൻ പദ്മയും അതിനു തയ്യാറല്ലായിരുന്നു. മകന്റെ അപഥസഞ്ചാരത്തിൽ അവർ ദുഃഖിതരായിരുന്നു. എന്നാൽ കൗമാര പ്രായക്കാരിയായ സഹോദരി കരോളിൻ ഇതൊക്കെ വിശ്വസിച്ചു. ഇവർക്കിടയിൽ സഹോദരൻ സഹോദരി ബന്ധം ഇല്ലായിരുന്നു. കരോളിനെ ഇയാൾ സാത്താൻ സേവയ്ക്കിടെ ലൈംഗീകമായി ഉപയോഗിച്ചിരുന്നു.

കൊലപാതകശേഷവും ഈ വിശ്വാസത്തിനു വേണ്ടി വാദിക്കുന്ന വിചിത്ര സ്വഭാവമാണ് ഇയാൾക്കുള്ളതെന്നു നാം മാധ്യമങ്ങളിലൂടെ വായിച്ചതാണ്. ചൈനയിൽ എം.ബി.ബി.എസ് പഠനകാലത്താണ് ആത്മാവിനെക്കുറിച്ചു കരോളിൻ കൂടുതൽ പഠിക്കുന്നത്. സാത്താൻ സേവകർ ഏറെയുള്ള രാജ്യമാണ് ചൈന. ലോകത്തിൽ ഇന്ന് അതിവേഗം വളരുന്ന സഭയാണ് സാത്താൻ സഭ. 1966ൽ ആന്റൺ സാൻഡോർ ലാവേ സ്ഥാപിച്ച സഭയാണ് ഇത്. പ്രധാനമായും കത്തോലിക്കരുമായാണ് ഇവരുടെ പോരാട്ടം. ദൈവത്തിൽ നിന്നും പ്രതീക്ഷ നഷ്ടപ്പെടുന്നവർ ഇതിൽ ചേരുന്നു. ദൈവത്തെക്കാൾ ശക്തി സാത്താനാണെന്നും അവനെ സ്നേഹിക്കുന്നവനെ അവൻ ചതിക്കുകയില്ല എന്നുമാണ് ഇവർ വിശ്വസിക്കുന്നത്. ഇവരുടെ 'സാത്താനിക് ബൈബിൾ' മറ്റു ലിപികളിലും കോഡുകളും ലോകവ്യാപകമായി ഉപയോഗിച്ചുവരുന്നു. ഇന്ന് സഭയുടെ മുൻനിര പ്രവർത്തകരായി പല പ്രമുഖ വ്യക്തികളും ഉണ്ടെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. നമ്മുടെ സഹോദരങ്ങൾ ബന്ധുമിത്രാദികൾ എന്നിവരോടുപോലും സൂക്ഷ്മതയോടുമാത്രമേ ഇടപെടാവൂ എന്നാണ് റിപ്പോർട്ട്.

വട്ടത്തിനുള്ളിൽ നക്ഷത്രചിഹ്നം എവിടെക്കണ്ടാലും ഒന്ന് ശ്രദ്ധിക്കുകയും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും വേണം. കാരണം നമ്മുടെ തലമുറകളെ അവർ ലക്ഷ്യം വച്ചു കഴിഞ്ഞു. വീട്ടുകാരുടെ കടുത്ത നിയന്ത്രണങ്ങളാണ് പലപ്പോഴും സ്വാതന്ത്ര്യത്തിലേക്കു പറന്നുയരുവാൻ ഇന്നത്തെ തലമുറകളെ പ്രേരിപ്പിക്കുന്നത്. ഇതിൽ അവിവാഹിതരാണ് ഏറെയും. ലഹരിവസ്തുക്കളിൽ തുടങ്ങുന്ന ജീവിതം പിന്നീട് ഒരു ലഹരിയായി മാറുമ്പോഴേക്കും എല്ലാം കൈവിട്ടിരിക്കും. പ്രത്യേക അളവിൽ ശരീര ത്തിൽ കടത്തിവിടുന്ന മയക്കുമരുന്നു ഉന്മാദത്തിലേക്കും മാനസിക വൈകല്യങ്ങളിലേക്കും കൊണ്ടെത്തിക്കുന്നു. സാധാരണയിൽക്കവിഞ്ഞ ഒരു ശക്തി ലഭിക്കുന്നതായി ഇവർക്ക് തോന്നാറുണ്ട്. പെൺ കുട്ടികളാണ് ഇത്തരം പ്രവർത്തികളിൽ മുൻപിൽ എന്നത് ഞെട്ടിക്കുന്ന വസ്തുതയാണ്.

കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിലെല്ലാം സാത്താൻ സഭ സജീവമാണ്. നഗരത്തിലെ ഫ്ളാറ്റുകളിലും വില്ലകളിലുമായി ഇവർ രഹസ്യമായി തമ്പടിച്ചു സാത്താൻ സേവ ചെയ്യുന്നു. മദ്യവും സെക്സും ഇവർക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യങ്ങളാണ്. കൊച്ചുകുട്ടികളെപ്പോലും വഴിതെറ്റിക്കാൻ ഇത്തരക്കാർ ശ്രമിക്കുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. സെക്സ് തന്നെയാണ് ഇവിടുത്തെ ഏറ്റവും ആകർഷണീയ വിഷയം. അറിഞ്ഞും അറിയാതെയും പലരും ഇതിൽ വീഴുന്നു. പിന്നീട് രക്ഷപ്പെടാൻ കഴിയാത്ത നിലയിൽ അഗാധ ഗർത്തത്തിലേക്ക് അവർ വീണുപോവുകയാണ്. വലിയൊരു നെറ്റ്‌വർക്ക് ആണ് ഇതിനുപിന്നിൽ ഉള്ളത്.

ഒറ്റ നോട്ടത്തിൽ മനസ്സിലാക്കുന്ന ആരാധനാ രീതികളല്ല ഇവരുടേത്. കർക്കശമായ ചിട്ടകൾ ഇവർക്കുണ്ട്. അതു കൊണ്ടുതന്നെ ഇതിൽനിന്നും പിന്തിരിയാൻ ശ്രമിക്കുന്നവരെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കും. കേരളത്തിലെ ദുരൂഹമായ പല കൊലപാതകങ്ങൾക്കും പിന്നിൽ ഇവരുടെ സാന്നിദ്ധ്യമുണ്ട് എന്ന് ചിന്തിച്ചാൽ അത്ഭുതപ്പെടാനില്ല. സാത്താൻ സേവകർ ഒക്ടോബർ 30 ന് കേരളത്തിൽ മഹാസംഗമം സംഘടിപ്പിക്കാൻ പോകുന്നു എന്നൊരു റിപ്പോർട്ട് ഇന്റലിജൻസിന് ലഭിച്ചിട്ടുണ്ട്. കാരണം ലോകവ്യാപകമായി ഒക്ടോബർ 30 ആണ് സാത്താൻ ദിനം. രണ്ടു വർഷമായി ഇവർ കേരളത്തിൽ സംഘടിച്ചിരുന്നതായി അറിയുന്നു.

ക്രൈസ്തവ മതാചാരങ്ങളിൽപ്പെട്ട തിരുവത്താഴത്തെ വികൃതമാക്കുന്ന 'ബ്ലാക്ക് മാസ്സ്' (കറുത്ത കുർബ്ബാന) ആണ് ഇവരുടെ പരിപാടി. ഇതിലൂടെ ചെകുത്താനെ ഇവർ ആരാധിക്കുന്നു. ചെകുത്താനെ ആരാധിക്കുന്നതിന്റെ ഭാഗമായി ഗാനങ്ങൾ മദ്യം, മയക്കുമരുന്ന്, നഗ്നനൃത്തം, പരസ്യമായി സെക്സിൽ ഏർപ്പെടുക എന്നിവയുമുണ്ട്. തല തിരിഞ്ഞ കുരിശ്, കറുത്ത മെഴുകുതിരികൾ എന്നിവ ഉപയോഗിക്കുന്നു. ബലിപീഠത്തിൽ പൂർണ്ണ നഗ്നയായ സ്ത്രീയെയോ പന്നിയെയോ ആടിനെയോ ഉപയോഗിക്കുന്നു. ഈ വർഷം സാത്താൻ ആരാധനയുടെ കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങുവാനാണ് ഇവർ പദ്ധതിയിടുന്നത്. സാധാരണ വെള്ളിയാഴ്ചയാണ് ഇവരുടെ ആരാധനയെങ്കിലും പതിമൂന്നാം തീയതി വെള്ളിയാഴ്ചയാണെങ്കിൽ പ്രത്യേക കരുത്തു ലഭിക്കുന്ന ദിവസമാണ്.

സാത്താൻ സൂചകമായി 666 നമ്പർ വില്ലകളും ഫ്ളാറ്റുകളും ഇവർ വാങ്ങുന്നതായും കേൾക്കുന്നു ചില നാളുകൾക്കു മുമ്പ് കൊച്ചി പീഡനകേസിൽ അറസ്റ്റിലായ പെൺകുട്ടി തന്നെ തട്ടിക്കൊണ്ടു പോയത് സാത്താൻ സേവകരാണെന്നു മൊഴി നൽകിയിരുന്നു. കഴിഞ്ഞ ഒക്ടോബർ 31 ന് സംസ്ഥാനത്ത് 14 കേന്ദ്രങ്ങളിൽ സാത്താൻ ആരാധനകൾ നടന്നു. അവ യഥാക്രമം കോഴിക്കോട്, കൊച്ചി, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലാണ്.

അമേരിക്കയിൽ സ്ഥാപിതമായ ചർച്ച് ഓഫ് സാത്താൻ ഇന്ന് ലോകവ്യാപകമായ സഭയായി വളരുന്നു. ഇവരുടെ പ്രവർത്തകരിൽ മലയാളികളും ഉൾപ്പെടുന്നു എന്നത് ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. ഒരിക്കൽ ഇതിന്റെ ഭാഗമായാൽ പിന്നെ രക്ഷപ്പെടുക എളുപ്പമല്ല എന്നതാണ് ഇതിൽ നിന്നും രക്ഷപ്പെട്ടവർ പറയുന്നത്. സമൂഹത്തിൽ ഏതു ക്രൂരതയും ചെയ്യുവാൻ ഇവർക്കു മടിയുണ്ടാകില്ല. ചെകുത്താന്റെ ശക്തിയാണ് അവരെ ഭരിക്കുന്നത്.

മാതാപിതാക്കളോട്: തലമുറകളെക്കുറിച്ചു നിങ്ങൾ വിചാരമുള്ളവരോ? അവരുടെ ഓരോ ചലനങ്ങളും മനസ്സിലാക്കുവാൻ നിങ്ങൾക്കു കഴിയണം. നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയല്ല പ്രത്യുത ഓരോ കാര്യങ്ങളും വ്യക്തമായി മനസ്സിലാക്കി കൊടുക്കണം. അവരെ സ്നേഹിക്കണം, അവർ നിങ്ങൾക്ക് പ്രിയമക്കൾ തന്നെ. അവരെ ചുറ്റിപ്പറ്റി സാത്താൻ സേവകർ ഉണ്ടാകാം. റാഞ്ചൻ പക്ഷികളെ ദൂരവേ കാണുവാൻ നിങ്ങൾക്ക് കഴിയട്ടെ. ഇത്തരം ബോധവൽക്കരണങ്ങൾ നിങ്ങളുടെ കണ്ണുതുറപ്പിക്കട്ടെ. ആരും നശിച്ചുപോകുവാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. വക്രതയും കോട്ടവുമുള്ള തലമുറയാണ് ഇന്നുള്ളത്. അതിനുനടുവിൽ ജ്യോതിസുകളെ പോലെ പ്രകാശിക്കേണ്ടവരാണ് നമ്മുടെ മക്കൾ. പിശാചിന്റെ കൈയിൽ അമ്മാനമാടേണ്ടവരല്ല അവർ. അവരോടുള്ള നിങ്ങളുടെ സ്നേഹം പ്രവർത്തിയിലൂടെ കാണിച്ചുകൊടുക്കുക. ഒപ്പം അവർക്കിടയിൽ രഹസ്യ അജണ്ടകൾ ഇല്ലെന്നു ഉറപ്പുവരുത്തുക. ആത്മീയ വിഷയങ്ങളിലെ താൽപര്യക്കുറവും വചനത്തോടുള്ള ബഹുമാനമില്ലായ്മയും എല്ലാം ഗൗരവമായി കാണണം. തലമുറകൾക്കുവേണ്ടി ഇടുവിൽ നിൽക്കുന്ന മാതാപിതാക്കൾ എഴുന്നേൽക്കട്ടെ.




## ലോകത്തിന്റെ ഏതു ഭാഗത്തിരുന്നും ബൈബിൾ പഠിക്കാം!

**ജോലി, കുടുംബം, ഉപരിപഠനം, ശുശ്രൂഷ എന്നിവ മൂലം ദൈവവചനം സെമിനാരിയിൽ പോയി പഠനം നടത്താൻ കഴിയാത്തവർക്ക് ഇനി നിങ്ങൾ ആയിരിക്കുന്ന സ്ഥലത്തുതന്നെ ഇരുന്നുകൊണ്ട് തിരുവല്ലായിൽ (കേരളം) നിന്നുള്ള ഗ്രെയ്സ് തിയോളജിക്കൽ കോളെജിൽ ചേർന്ന് "Pentecostal Association for Theological Accreditation" അംഗീകൃതമായ ഡിപ്ലോമ ഇൻ തിയോളജി പഠിക്കാനുള്ള സുവർണ്ണാവസരം**

| | |
|---|---|
| കാലാവധി | ഒരു വർഷം |
| ഭാഷ | മലയാളം |
| കോഴ്സ് | ഡിപ്ലോമ ഇൻ തിയോളജി (Dip. Th) |

നിങ്ങളുടെ അഡ്മിഷൻ ഇന്നുതന്നെ ഉറപ്പാക്കുക

FOR MORE INFORMATION AND APPLICATION WRITE TO:
Director: **Pastor RENNY EDAPPARAMBIL**
**GRACE THEOLOGICAL COLLEGE**
Vennikulam P. O. | Thiruvalla- 689 544 | Pathanamthitta Dt. | Kerala - India
Mobile: +91-9744642247 | E-mail: gracetheological@gmail.com

ഈ പ്രവർത്തനത്തിന്റെ നടത്തിപ്പിനായി സാമ്പത്തികമായി സഹായിക്കാൻ സന്മനസ്സുള്ളവരെ ആവശ്യമുണ്ട്. താല്പര്യമുള്ള ദൈവമക്കൾ വിളിക്കുമല്ലോ!



## സ്ഥലം വില്പനയ്ക്ക്

മല്ലപ്പള്ളി ടൗണിൽ നിന്നും ആനിക്കാട് പോകുന്ന വഴിക്ക് (6 കിമി) ബസ്റൂട്ടുള്ള, രണ്ടു സൈഡിലും റോഡോടുകൂടിയ ഒരു ഏക്കർ സ്ഥലം ഉടൻ വില്പനയ്ക്ക്. വീടു വയ്ക്കുവാൻ അനുയോജ്യമായ സ്ഥലം. ധാരാളം വെള്ളം ലഭിക്കുവാൻ 400 മീറ്റർ അകലെ അച്ചൻകോവിൽ ആറും സ്ഥിതിചെയ്യുന്നു. മൊത്തമായും പ്ലോട്ടുകളായും വില്ക്കപ്പെടും. ഫോൺ: 00919656572915, 00966567321036
Email: monachenvarghese@gmail.com


## പി.വൈ.പി.എ. സ്പോർട്സ്

കുമ്പനാട്: പെന്തക്കോസ്ത് യുവജന സംഘടന (പി.വൈ.പി.എ) കുമ്പനാട് ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ ഇരവിപേരൂർ ഒ.ഇ.എം. പബ്ലിക് സ്കൂളിൽ സ്പോർട്സ് മീറ്റ് നടന്നു. സെന്റർ പ്രസിഡന്റ് ജസ്റ്റിൻ നെടുവേലിൽ അദ്ധ്യക്ഷത വഹിച്ചു. സെന്റർ അസോ. മിനിസ്റ്റർ പാസ്റ്റർ ടി. ജെ. ഏബ്രഹാം ഉത്ഘാടനം ചെയ്തു. സെന്റർ ട്രഷറാർ നെവിൻ മങ്ങാട്ട് സ്വാഗതം അറിയിച്ചു. ഹെബ്രോൻ കുമ്പനാട് ഇമ്മാനുവേൽ കുഴിക്കാലാ, ഏബനേസർ വെണ്ണിക്കുളം എന്നീ സഭകൾ യഥാക്രമം ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സെന്റർ സെക്രട്ടറി പാസ്റ്റർ അനിയൻകുഞ്ഞ് ചേടിയത്ത്, സാലി ജേക്കബ്, ജോജി റ്റി മാത്യു, നൈനാൻ പി. മാത്യൂസ്, ബ്ലസൻ കുഴിക്കാല, റ്റിജിൻ സി. തങ്കച്ചൻ, റെയ്സൺ പി. എബ്രഹാം, 27 സഭകളിൽ നിന്നായി 250 ലധികം പേർ മത്സരങ്ങളിൽ പങ്കെടുത്തു. സമ്മാനങ്ങൾ പൂവത്തുംമൂട്ടിൽ ഹാർഡ്‌വെയേഴ്സ് & പെയിന്റ്സ് പുല്ലാട്, നെടുവേലിൽ ബിൽഡേഴ്സ് എന്നിവർ സ്പോൺസർ ചെയ്തു.

# LANDWAY NEWS

Bringing You Closer to God
LANDWAY

PUBLISHED FROM PATHANAMTHITTA
VOLUME NO. 3, ISSUE NO.6 | PAGES 8 | PRICE: RS. 10/-

10 JUNE 2017

Olive Thottathil, Thumpamon P.O.,
Pandalam, Pathanamthitta Dist,
Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
WWW.LANDWAYNEWS.COM

RNI-KERBIL/2015/62054.
Postal Registration No.
KL/PTA/93/2015 - 2017.
WPP License Number:
KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/06/2017


## സി. ഡി. പ്രകാശനം ചെയ്തു



'സ്നേഹകൂടാരം' എന്ന സിഡി പുറത്തിറങ്ങി. എറണാകുളം പ്രസ് ഓൺ മീഡിയായുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ ആരാധനാ ഗാനങ്ങൾ അടങ്ങിയ സിഡിക്ക് വളരെയേറെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. എറണാകുളം എ. ജി. ടൗൺ സഭയിൽ വച്ച് ഗുഡ് ന്യൂസ് എഡിറ്റർ ടി. എം. മാത്യു ബ്രദർ തോമസ് വടക്കേക്കൂറ്റിന് നൽകി സിഡി പ്രകാശനം ചെയ്തു. ടോണി ചെവ്വുക്കാരൻ, പ്രൊഫ. എം. കെ. ശാമുവേൽ, എം. സി. കുര്യൻ, സൈലസ്, സജി ഫിലിപ്പ് തിരുവഞ്ചൂർ, സജി മത്തായി കാതേട്ട്, മാത്യു കിങ്ങിണി മറ്റം എന്നിവരും സന്നിഹിതരായിരുന്നു. ഗാനരചയിതാക്കൾ രാജൻ കണ്ണൂർ, ജോർജ്ജ് മത്തായി, സി.പി.എ സാബു ലൂയിസ്. പാടിയിരിക്കുന്നത് കെസ്റ്റർ, ലിഷാ കാതേട്ട്, സോണി സാം. ലാന്റ്വേ ന്യൂസിന്റെ അഭിനന്ദനങ്ങൾ.

## ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ ഭാരവാഹികളെ തിരഞ്ഞെടുത്തു



ചാക്കോ കെ. തോമസ്



ജേക്കബ് ഫിലിപ്പ്



ബിനു മാത്യു

ബെംഗളുരു: കർണാടകയിലെ ക്രിസ്തീയ പത്രപ്രവർത്തകരുടെ സംഘടനയായ ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ പ്രസിഡന്റായി മാധ്യമ പ്രവർത്തകനും ഗുഡ്ന്യൂസ് വാരിക കർണാടക സ്റ്റേറ്റ് ചീഫ് റിപ്പോർട്ടറുമായ ചാക്കോ കെ. തോമസിനെയും സെക്രട്ടറിയായ് ഹാലേലൂയ്യ ദ്വൈവാരിക ബാംഗ്ലൂർ ലേഖകനും സുവിശേഷകനുമായ ജേക്കബ് ഫിലിപ്പിനെയും വീണ്ടും തെരഞ്ഞെടുത്തു.

പാസ്റ്റർ ജോസഫ് ജോൺ (വൈസ് പ്രസിഡന്റ്), ബ്രദർ ബെൻസൺ ചാക്കോ (ജോയിന്റ് സെക്രട്ടറി), ബ്രദർ ബിനു മാത്യു (ട്രഷറർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. വിവിധ ക്രൈസ്തവ പത്രങ്ങളിലെ 10 അംഗങ്ങളെ എക്സിക്യൂട്ടീവ് അംഗങ്ങളായും തെരഞ്ഞെടുത്തു. മെയ് 21 -ന് ഹെന്നൂർ ശാലേം ബീറ്റ്സ് ഹാളിൽ നടന്ന ബി.സി.പി.എ 12 -ാമത് വാർഷിക സമ്മേളനത്തിലാണ് ഭാരവാഹികളെ തിരഞ്ഞെടുത്തത്. രക്ഷാധികാരികളായ് ഗ്ലോബൽ കൗൺസിൽ ഓഫ് ഇന്ത്യൻ ക്രിസ്ത്യൻസ് (ജി.സി.ഐ.സി) ദേശീയ പ്രസിഡന്റ് ഡോ. സാജൻ കെ. ജോർജ്ജ്, മാധ്യമപ്രവർത്തകനും നോർത്ത് അമേരിക്കൻ ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറം ജനറൽ സെക്രട്ടറിയുമായ നിബു വെള്ളവന്താനം എന്നിവരെയും തെരഞ്ഞെടുത്തു. ബി.സി.പി.എ മുൻ വൈസ് പ്രസിഡന്റും സങ്കീർത്തനം മ്യൂസിക് ഡയറക്ടറുമായ പാസ്റ്റർ ജോസ് മാത്യു, പാസ്റ്റർ ബിജു ജോൺ എന്നിവർ നേതൃത്വം നൽകി.

## മോഹൻ ശങ്കരമംഗലം നിര്യാതനായി



തിരുവല്ല: ഇരവിപേരൂർ ശങ്കരമംഗലം മാളിയേക്കൽ പരേതനായ എം.വി.ഏബ്രഹാമിന്റെ (ജെ.എം.എസ് മോട്ടോഴ്സ്) മകൻ ജോർജ്ജ് എം. ഏബ്രഹാം (മോഹൻ ശങ്കരമംഗലം - 69) അമേരിക്കയിൽ നിര്യാതനായി. മൃതദേഹം മഞ്ഞാടി ഐ പി സി പ്രയർ സെന്ററിൽ പൊതുദർശനത്തിന് വച്ചു. ഐ. പി. സി പ്രയർ സെന്റർ ചർച്ചിന്റെ പാമലയിലെ മക്പേല സെമിത്തേരിയിൽ നടത്തി. ഭാര്യ തലവടി മണപ്രാൽ പുത്തൻപുരയ്ക്കൽ ഓമന ജോർജ്ജ്. മക്കൾ: പ്രകാശ്, പ്രമീള, മരുമക്കൾ: സജിനി, ബിജി കുര്യാക്കോസ്.

## ഓൺലൈൻ ട്രെയിൻ ടിക്കറ്റ്

ന്യൂഡൽഹി: ഐ.ആർ.സി.ടി.സി വഴി ട്രെയിൻ ടിക്കറ്റ് ഓൺലൈൻ വഴിയായി ഇനി മുതൽ ബുക്ക് ചെയ്യുമ്പോൾ ക്യാഷ് ഓൺ ഡെലിവറി നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ടിക്കറ്റ് ബുക്ക് ചെയ്ത് കഴിഞ്ഞ ശേഷം ടിക്കറ്റ് നേരിട്ട് ലഭിക്കുമ്പോൾ പണം നൽകിയാൽ മതിയെന്നും അറിയിച്ചിട്ടുണ്ട്. കാഷ് ഓൺ ഡെലിവറി സൗജന്യസേവനമല്ല 5,000 രൂപ വരെയുള്ള ഇടപാടുകൾക്ക് 90 രൂപയും അതിന് മുകളിൽ ഉള്ള ഇടപാടുകൾക്ക് 120 രൂപയും സെയിൽ ടാക്സ് നൽകണമെന്ന് നിയമം അനുശാസിക്കുന്നു. റെയിൽവേയുടെ വെബ്സൈറ്റ്, മൊബൈൽ ആപ്പ് എന്നിവ വഴിയും 'പെ ഓൺ ഡെലിവറി' മുഖേനയും ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആധാർ, പാൻ കാർഡ് എന്നിവ ഉപയോഗിച്ച് ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്താൽ മതി.

## മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ്



കുന്നംകുളം: ഐ.പി.സി കർമ്മേൽ മരത്തംകോട് (കുന്നംകുളം സെന്റർ) സഭാംഗവും ഡോ. സാജൻ സി. ജേക്കബിന്റെ മകളുമായ ഷെൽമ സി. സാജൻ, +2 പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും 97.3% മാർക്കോട് കൂടെ എ + നേടി. കുന്നംകുളം ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ വിദ്യാർത്ഥിനിയാണ്. കഴിഞ്ഞ യുവജനോൽസവത്തിൽ മൈമിനും ഇംഗ്ലീഷ് സ്കിറ്റിനും ഉപജില്ല ഒന്നാം സ്ഥാനവും സംസ്ഥാന യുവജനോൽസവത്തിൽ എ ഗ്രേഡ് ഉൾപ്പെടെ മൂന്നാം സ്ഥാനവും നേടുകയുണ്ടായി. ഐ.പി.സി സൺഡേസ്കൂൾ അസോസിയേഷന്റെ അവസാനമായി നടന്ന സ്കിറ്റ് മൽസരത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. സീന സാജനാണ് മാതാവ്.









## ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.**

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

## ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്‌വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

**Santhosh Pandalam**
**A/C No: 14170100002307,**
**IFSC Code: FDRL0001417**
**MICR Code: 689049476**

**Federal Bank,**
**Pandalam Branch,**
**Pathanamthitta Dist.,**
**Kerala, India**


Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.